29
2025
ആഗസ്റ്റ്
വെള്ളി
ചിങ്ങം 13

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 221 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-221 പേജ് 4, വില 2.00 രൂപ

02 താമരശേരി ചുരം വഴിയുള്ള ഗതാഗതം പൂർണമായി നിരോധിച്ചു
03 'ട്രംപിനെ കൊല്ലണം, ഇന്ത്യക്കെതിരേ അണുവായുധം പ്രയോഗിക്കണം'
04 സീറോ മലബാർ സഭയിൽ നാലു പുതിയ അതിരൂപതകൾ

## ഇറക്കുമതി തീരുവ

# സമുദ്രോൽപന്ന മേഖല പ്രതിസന്ധിയിൽ

അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ ഇടിവെട്ട് നികുതിയിൽ കടുത്ത പ്രതിസന്ധിയിലായി സംസ്ഥാനത്തെ സമുദ്രോൽപന്ന മേഖല.ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് 25 ശതമാനം ഇറക്കുമതി തീരുവ ചുമത്തിയതോടെയാണ് പ്രതിസന്ധി. രാജ്യത്തു നിന്നുള്ള മത്സ്യ കയറ്റുമതിയുടെ 45 ശതമാനവും അമേരിക്കയിലേക്കാണ്.



ഇന്ത്യ ലോകത്ത് ഏറ്റവുമധികം നികുതി ഈടാക്കുന്ന രാജ്യമാണെന്നും ഇന്ത്യയുമായി യുഎസിനുള്ളത് വൻവ്യാപാരക്കമ്മിയാണെന്നും വ്യക്തമാക്കിയായിരുന്നു കനത്ത ഇറക്കുമതി തീരുവ ട്രംപ് പ്രഖ്യാപിച്ചത്. ചെമ്മീൻ ഉൾപ്പടെ ഇന്ത്യയിൽ നിന്നുള്ള സമുദ്രോൽപന്നങ്ങൾക്ക് 10% തീരുവയായിരുന്നത് ഇതോടെ കുത്തനെ ഉയർന്നു. ഇന്ത്യൻ സമുദ്രോൽപന്നങ്ങൾക്ക് അമേരിക്കയിലേക്ക് മാത്രം 34000കോടിയിലധികം രൂപയുടെ കയറ്റുമതിയുണ്ട്. മറ്റുരാജ്യങ്ങളിൽ നിന്ന് തീരുവയില്ലാതെ വരുന്നവയുമായി മത്സരിക്കാൻ ശേഷിയില്ലാതെ ഇതോടെ ഇന്ത്യൻ സമുദ്രോൽപ്പന്നങ്ങൾ മാറും.

ഇന്ത്യയിലെ മൽസ്യസംസ്കരണ ഫാക്ടറികളിലേറെയും കേരളത്തിലാണ്. ഫാക്ടറി ജീവനക്കാരെയും, പ്രാദേശിക ചെമ്മീൻ പീലിങ് കേന്ദ്രങ്ങളുടെയും നിലനിൽപ്പിനെ ബാധിക്കുന്നതാണ് ട്രംപിൻറെ തീരുമാനം. പരിഹാരത്തിന് കേന്ദ്ര സർക്കാർ ഇടപെടലും, എം.പി.ഇ.ഡി.എ പോലെയുള്ള സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനവും അനിവാര്യമാണ്.

കടലാമയുടെ പേരിലുള്ള കടൽച്ചെമ്മീൻ വിലക്ക് നിലനിൽക്കുന്നതിനിടയിലെ ഇപ്പോഴത്തെ അവസ്ഥ കൂടിയായതോടെ മത്സ്യബന്ധനസംസ്കരണ മേഖലയിലെ പ്രതിസന്ധി ഇരട്ടിക്കുമെന്ന ആശങ്ക ശക്തമാണ്. ഇത് ഈ രംഗങ്ങളിൽ തൊഴിലെടുക്കുന്നവരുടെ ഉപജീവനത്തിന് വലിയ വെല്ലുവിളിയാണുയർത്തിയിട്ടുള്ളത്. സുഗന്ധവ്യഞ്ജനങ്ങൾ, കയർ, കശുവണ്ടി, റബ്ബർ തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെയും തീരുവ വർധന പ്രതികൂലമായി ബാധിക്കും. കുരുമുളക്, ഏലം, ഗ്രാമ്പൂ, വെളുത്തുള്ളി, ഇഞ്ചി തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളുടെ മേൽ പതിക്കുന്ന വർധനവ് കർഷരെയും ദുരിതത്തിലാക്കും.

റബ്ബർ മേഖലയിൽ പണിയെടുക്കുന്നവരെയും തീരുവ ആശങ്കയിലാക്കിയിരിക്കുകയാണ്. 10 ശതമാനമായിരുന്ന റബ്ബർ ഉല്പന്ന തീരുവ പുതിയ തീരുമാനത്തോടെ 50 ശതമാനമായാണ് വർധിച്ചിരിക്കുന്നത്. ഈ രംഗത്തെ പല കമ്പനികളും ഉല്പാദനവും കയറ്റുമതിയും താൽക്കാലികമായിട്ടാണെങ്കിലും നിർത്തിയിരിക്കുകയാണ്.

## ഇന്ത്യൻ സൂപ്പർ ലീഗ്: സുപ്രീം കോടതി വിധി ഒന്നിന്

ന്യൂഡൽഹി: ഇന്ത്യൻ സൂപ്പർ ലീഗിന്റെ (ഐഎസ്എൽ) 2025 26 സീസൺ ഡിസംബറിൽ ആരംഭിക്കും. ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷനും (എഐഎഫ്എഫ്) ഫുട്ബോൾ സ്പോർട്സ് ഡെവലപ്മെന്റ് ലിമിറ്റഡും (എഫ്എസ്ഡിഎൽ) തമ്മിൽ നടന്ന ചർച്ചകളിൽ ഇക്കാര്യം ധാരണയായിരുന്നു. ഇന്നലെ ഈ നിർദേശം സുപ്രീം കോടതിയെ അറിയിച്ചു. സെപ്റ്റംബറിൽ സൂപ്പർ കപ്പ് നടത്താനും ധാരണയായിട്ടുണ്ട്. നിയമപ്രശ്നങ്ങളും കരാർ ചർച്ചകളിലെ തടസ്സങ്ങളും കാരണം ഐഎസ്എല്ലിന്റെ ഭാവി അനിശ്ചിതത്വത്തിലായിരുന്നു. പ്രധാന കരാറിന്റെ ഭാഗമായി എഐഎഫ്എഫിന് നൽകേണ്ട 12.5 കോടിയുടെ അവസാന ഗഡു നൽകാമെന്നും എഫ്എസ്ഡിഎൽ കോടതിയെ അറിയിച്ചു.



## മന്ത്രി എകെ ശശീന്ദ്രന്റെ സഹോദരിപുത്രിയെയും ഭർത്താവിനെയും പൊള്ളലേറ്റ് മരിച്ചനിലയിൽ കണ്ടെത്തി

കണ്ണൂർ: അലവിൽ ദമ്പതിമാരെ പൊള്ളലേറ്റ് മരിച്ചനിലയിൽ കണ്ടെത്തി. പ്രേമരാജൻ, ഭാര്യ ശ്രീലേഖ എന്നിവരാണ് മരിച്ചത്. കത്തികരിഞ്ഞ നിലയിലായിരുന്നു മൃതദേഹങ്ങൾ. മന്ത്രി എകെ ശശീന്ദ്രന്റെ സഹോദരിയുടെ മകളാണ് മരിച്ച ശ്രീലേഖ.

വ്യാഴാഴ്ച വൈകുന്നേരം ഡ്രൈവർ വീട്ടിലെത്തി വിളിച്ചെങ്കിലും ആരും വാതിൽ തുറന്നില്ല. തുടർന്ന് നടത്തിയ പരിശോധനയിലാണ് ഇരുവരുടെയും മൃതദേഹങ്ങൾ കത്തികരിഞ്ഞ നിലയിൽ കണ്ടെത്തിയത്. വളപ്പട്ടണം പോലീസ് സ്ഥലത്തെത്തി തുടർനടപടികൾ സ്വീകരിച്ചു.

## കശ്മീരിൽ നുഴഞ്ഞുകയറാൻ ശ്രമിച്ച രണ്ട് ഭീകരരെ വധിച്ചു

ശ്രീനഗർ: ജമ്മു കശ്മീരിലെ ബന്ദിപോര ജില്ലയിലെ ഗുരെസ് സെക്ടറിൽ നിയന്ത്രണരേഖയിലൂടെ നുഴഞ്ഞുകയറാൻ ശ്രമിച്ച രണ്ട് ഭീകരരെ ഇന്ത്യൻ സൈന്യം വെടിവെച്ച് കൊന്നു. ഓപ്പറേഷൻ നൗഷേര നാർ കഢന്റെ ഭാഗമായി നൗഷേര നാറിന് സമീപമാണ് ഏറ്റുമുട്ടലുണ്ടായത്. ഇന്ത്യൻ അതിർത്തിയിലേക്ക് കടക്കാനുള്ള സംഘത്തിന്റെ ശ്രമം ഇന്ത്യ പരാജയപ്പെടുത്തുകയായിരുന്നു. തുടർന്നുണ്ടായ വെടിവെപ്പിലാണ് രണ്ട് ഭീകരർ കൊല്ലപ്പെട്ടത്.

പുലർച്ചയോടെ, മറ്റ് നുഴഞ്ഞുകയറ്റക്കാർ ആരും ഇല്ലെന്ന് ഉറപ്പാക്കാൻ ഇന്ത്യൻ സൈന്യം പ്രദേശത്ത് വ്യാപകമായ തിരച്ചിൽ ആരംഭിച്ചു. ഇതിനിടെയാണ് കൊല്ലപ്പെട്ട ഭീകരരുടെ മൃതദേഹങ്ങൾ കണ്ടെത്തിയത്. ഏറ്റുമുട്ടലിനെത്തുടർന്ന്, കൂടുതൽ നുഴഞ്ഞുകയറ്റക്കാരോ സംശയാസ്പദമായ പ്രവർത്തനങ്ങളോ ഇല്ലെന്ന് ഉറപ്പാക്കാൻ സമീപപ്രദേശങ്ങളിലും തിരച്ചിൽ ആരംഭിച്ചു.

'നുഴഞ്ഞുകയറ്റ ശ്രമം നടക്കാൻ സാധ്യതയുണ്ടെന്ന് ജമ്മു കശ്മീർ പോലീസ് നൽകിയ രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ സൈന്യവും ജമ്മുകശ്മീർ പോലീസും ചേർന്ന് ഗുരെസ് സെക്ടറിൽ ഒരു സംയുക്ത ഓപ്പറേഷൻ ആരംഭിച്ചു. സംശയാസ്പദമായ നീക്കം സൈന്യത്തിൻറെ ശ്രദ്ധയിൽപ്പെട്ടതിനു പിന്നാലെ ഭീകരർ വെടിയുതിർക്കുകയായിരുന്നു. സൈന്യം ശക്തമായി തിരിച്ചടിക്കുകയും രണ്ട് ഭീകരരെ വധിക്കുകയും ചെയ്തു. ഓപ്പറേഷൻ പുരോഗമിക്കുകയാണ്' ഇന്ത്യൻ സൈന്യം എക്സ് പോസ്റ്റിൽ അറിയിച്ചു.

## നിയന്ത്രണം നഷ്ടപ്പെട്ടു, ഓട്ടോറിക്ഷയിലേക്ക് ഇടിച്ചു കയറി ബസ്; 6 പേർക്ക് ദാരുണാന്ത്യം

കാസർകോട് : മഞ്ചേശ്വരം തലപ്പാടിയിൽ നിയന്ത്രണം വിട്ട ബസ് ഇടിച്ചു കയറി 6 മരണം. സംസ്ഥാന അതിർത്തിയിലെ ടോൾ ബൂത്തിന് സമീപത്താണ് കർണാടക ആർടിസി ബസ് ഓട്ടോറിക്ഷയിലേക്കും ബസ് കാത്തുനിന്നവരിലേക്കും ഇടിച്ചു കയറിയത്. ഓട്ടോയിലുണ്ടായിരുന്ന ആറു പേരാണ് മരിച്ചത്.



കർണാടക സ്വദേശികളായ ഓട്ടോ ഡ്രൈവർ ഹൈദർ അലി, ഓട്ടോയിലുണ്ടായിരുന്ന നഫീസ, ആയിഷ, ഖദീജ, ഹവ്വമ്മക്കുട്ടി, പതിനൊന്നുകാരി ഹസ്ന എന്നിവരാണ് മരിച്ചതെന്നാണ് പ്രാഥമിക വിവരം. സാരമായി പരുക്കേറ്റ രണ്ട് പേർ മംഗളൂരു ഫാദർ മുള്ളർ ആശുപത്രിയിൽ ചികിത്സയിലാണ്. ആദ്യം ഓട്ടോയിൽ ഇടിച്ച ബസ് നിയന്ത്രണം വിട്ട് പിന്നിലേക്ക് വന്ന് നിർത്തിയിട്ട മറ്റൊരു ഓട്ടോയിലേക്ക് ഇടിച്ചുകയറുകയായിരുന്നു. നിരവധിപ്പേർ നിസ്സാര പരുക്കുകളോടെ രക്ഷപ്പെട്ടു. കാസർകോടു നിന്നും മംഗലാപുരത്തേക്ക് പോകുകയായിരുന്നു ബസ്. സർവീസ് റോഡിലൂടെ പോകേണ്ട ബസ് ദേശീയ പാതയിൽ കയറി അമിത വേഗതയിൽ വരികയായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. ബസിന്റെ ടയറുകൾ തേഞ്ഞു തീർന്നതും അപകടത്തിന് കാരണമായെന്ന് നാട്ടുകാർ പറഞ്ഞു.



# കെഎസ്ഐഇയും ബനാറസ് സർവകലാശാലയിലെ അടൽഇൻകുബേഷൻ സെൻററും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു

## എട്ട് സ്റ്റാർട്ടപ്പുകളുമായി വിപണന സഹകരണത്തിന് കൈകോർക്കുന്നു



വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡ് (കെഎസ്ഐഇ) ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിലെ (ബിഎച് യു) അടൽ ഇൻകുബേഷൻ സെൻററുമായി (എഐസി) ധാരണാപത്രം ഒപ്പുവച്ച ശേഷം വ്യവസായമന്ത്രി പി രാജീവ്, കെഎസ്ഐഇ എംഡി ഡോ. ബി ശ്രീകുമാറിനും ബിഎച് യു ഡയറക്ടറും പ്രൊഫസറും എഐസി ഇൻചാർജ്ജുമായ ഡോ. പി വി രാജീവിനുമൊപ്പം. വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, വ്യവസായവകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആനി ജൂല തോമസ് എന്നിവർ സമീപം.

തിരുവനന്തപുരം: വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡ് (കെഎസ്ഐഇ) ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിലെ (ബിഎച് യു) അടൽ ഇൻകുബേഷൻ സെൻററുമായി (എഐസി) ധാരണാപത്രം ഒപ്പുവച്ചു. എഐസിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മികച്ച എട്ട് സ്റ്റാർട്ടപ്പുകളുടെ ദക്ഷിണേന്ത്യയിലെ വിപണന പ്രവർത്തനങ്ങൾക്കായാണ് ഈ സഹകരണം.

സംസ്ഥാന വ്യവസായ നിയമകയർ വകുപ്പ് മന്ത്രി പി. രാജീവിന്റെ സാന്നിധ്യത്തിൽ സെക്രട്ടേറിയറ്റിലെ അദ്ദേഹത്തിന്റെ ചേംബറിൽ വച്ച് കെഎസ്ഐഇ മാനേജിംഗ് ഡയറക്ടർ ഡോ. ബി. ശ്രീകുമാർ, ബിഎച് യു ഡയറക്ടറും പ്രൊഫസറും എഐസി ഇൻചാർജ്ജുമായ ഡോ. പി വി രാജീവ് എന്നിവർ കരാറിൽ ഒപ്പുവച്ചു.

വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ്, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആനി ജൂല തോമസ്, ബിപിടി ചെയർമാൻ അജിത് കുമാർ എന്നിവർ സന്നിഹിതരായിരുന്നു.

പാവക് ഡ്രോൺസ്, ഇക്കോഫ്രാഗ് സൊല്യൂഷൻ എൽഎൽപി, ഫ്ളൈറ്റ് വിംഗ് എൻറർപ്രൈസസ്, മൈതോകാണ്ഡം എക്സ്പ്ലോറേഴ്സ്, ഗോഗ്രാം, കോൺക്രീഡ് സൊല്യൂഷൻസ്, ബയോ ഭൂമി, എനർട്ടിക്സ് ഇവി എന്നിവയാണ് കെഎസ്ഐഇയുമായി സഹകരിക്കുന്ന എട്ട് സ്റ്റാർട്ടപ്പുകൾ.

രാജ്യത്തെ ഡീപ്ടെക് ഇന്നൊവേഷൻ, സംരംഭകത്വം എന്നിവയുടെ വളർച്ചയിൽ പ്രധാന പങ്ക് അടൽ ഇൻകുബേഷൻ സെൻററുകൾ വഹിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനിടെ 90ലധികം സ്റ്റാർട്ടപ്പുകളുടെയും, കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം 55 സ്റ്റാർട്ടപ്പുകളുടെയും വളർച്ചയ്ക്ക് ഇത് ആക്കം കൂട്ടി.

പാവക് ഡ്രോൺസ് ഓട്ടോണമസ് ഡ്രോണുകൾ ഉപയോഗിച്ച് ആകാശ നിരീക്ഷണത്തിൽ വിപ്ലവം സൃഷ്ടിച്ചു വരികയാണ്. പ്രധാനമന്ത്രിയുടെ പ്രശംസയ്ക്ക് വരെ പാത്രമായതാണ് ഈ സ്റ്റാർട്ടപ്പ്. ആകാശ നിരീക്ഷണത്തിലൂടെ ഭൗമോപരിതലത്തിലും സമുദ്രത്തിലുമുള്ള മാലിന്യങ്ങൾ കണ്ടെത്തുന്നതാണ് പ്രധാന പ്രവർത്തനം.

സിവിൽ, കൃഷി, അടിസ്ഥാന സൗകര്യങ്ങൾ, ഖനനം തുടങ്ങിയ വിവിധ മേഖലകളിലെ കൃത്യമായ മാപ്പിംഗ്, സർവ്വേയിംഗ്, നിരീക്ഷണം എന്നിവയ്ക്കായി നൂതന സിവിൽ ഡ്രോൺ പരിഹാരമാർഗ്ഗങ്ങളാണ് ഫ്ളൈറ്റ് വിംഗ് എൻറർപ്രൈസസ് വികസിപ്പിക്കുന്നത്.

വെള്ളപ്പൊക്കം, വരൾച്ച നിരീക്ഷണം, കാർഷിക ആപ്ലിക്കേഷനുകൾ എന്നിവയുൾപ്പെടെ ഡ്രോൺ അധിഷ്ഠിത പരിഹാരങ്ങളാണ് നൽകുന്നത്. അതിവേഗത്തിലുള്ള ഡാറ്റാവിശകലനവും കൃത്യതയാർന്ന കാമറയുടെ അതിവേഗത്തിലുള്ള ഡാറ്റാ സമന്വയവുമാണ് സ്ഥാപിച്ച ഈ കമ്പനിയെ വ്യത്യസ്തമാക്കുന്നത്.

ഇക്കോഫ്രാഗ് സൊല്യൂഷൻ എൽഎൽപി പ്രീമിയം സുഗന്ധതൈല ബ്രാൻഡ് നിർമ്മിക്കുന്നവരാണ്. ഇക്കോഫ്രാഗിന്റെ സാർക്കോസെൻറ് എന്ന ഉത്പന്നം ഇതിനകം വിപണിയിൽ തരംഗങ്ങൾ സൃഷ്ടിച്ചു കഴിഞ്ഞു.

മൈതോകാണ്ഡം എക്സ്പ്ലോറേഴ്സ് വിവിധ മേഖലകളിലെ കസ്റ്റമൈസ്ഡ് എഐ അനലിറ്റിക്സ്, ഓട്ടോമേഷൻ ഉൽപ്പന്നങ്ങൾ നൽകുന്ന ഗവേഷണാധിഷ്ഠിത ഡാറ്റാ സൊല്യൂഷൻസ് സ്ഥാപനമാണ്. കാർഗോ മൈൻഡ്, പ്രഗ്യാൻ എഐ, വ്യശസ്ത്ര എന്നിങ്ങനെ മൂന്ന് എഐ ഉത്പന്നങ്ങളാണ് ഇവർക്കുള്ളത്. ചെറുകിട വനിതാ കർഷകർക്ക് പരിശീലനവും പിന്തുണയും നൽകി സുസ്ഥിര ഗ്രാമീണ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി തുടങ്ങിയ സ്ഥാപനമാണ് ഗോഗ്രാം. സുസ്ഥിര ഊർജ്ജ ശീലങ്ങൾക്കൊപ്പം രാജ്യത്തെ ആദ്യ നെറ്റ് സീറോ ഡെയറി ഫാം തുടങ്ങാനൊരുങ്ങുകയാണിവർ. ഓട്ടോമൊബൈൽ, പ്രതിരോധ മേഖലകൾക്കായി വാട്ടർപ്രൂഫിംഗ്, പെയിൻറുകൾ, റബ്ബർ ഒറിംഗുകൾ എന്നിവ വികസിപ്പിച്ചെടുത്ത കമ്പനിയാണ് കോൺക്രീഡ് സൊല്യൂഷൻസ്. ചൂട് കുറയ്ക്കുന്ന ഹരിതസൗഹൃദമായ ടെക്നോളജിയാണ് ഈ കമ്പനിയുടെ പ്രത്യേകത. അടുത്തിടെ ജർമ്മനിയിലെ മിഗ് കമ്പനിയുമായി ഇവർ സഹകരണത്തിലെത്തിയിട്ടുണ്ട്.

മെഡിക്കൽ, ആശുപത്രി, വ്യാവസായിക ഉപഭോഗ ഉൽപ്പന്നങ്ങളുടെ വിപുലമായ ശ്രേണിയാണ് ബയോഭൂമി പ്രൈവറ്റ് ലിമിറ്റഡ് വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ. ചെറുവാഹനങ്ങൾ മുതൽ ട്രക്കുകൾ വരെയുള്ള ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജ്ജിംഗ് സ്റ്റേഷനുകളാണ് എനർട്ടിക്സ് ഇവി സ്ഥാപിക്കുന്നത്.

ഡീപ് ടെക്, ഐഒടി, മെഡിക്കൽ, ഡാറ്റ അനലിറ്റിക്സ്, മാനുഫാക്ചറിംഗ് മേഖലകളിലെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിലും സുസ്ഥിര വികസനത്തിന് സഹായിക്കുന്നതിലും ബനാറസ് ഹിന്ദു സർവകലാശാലയിലെ അടൽ ഇൻകുബേഷൻ സെൻറർ നിർണായക പങ്ക് വഹിക്കുന്നു. നിലവിൽ 160ലധികം സ്റ്റാർട്ടപ്പുകളാണ് ഇവിടെയുള്ളത്. പുരോഗമനപരമായ വളർച്ചയ്ക്കും സെൻറർ വിഭവ വിനിയോഗത്തിനുമായി ഇന്ത്യയിലും യുഎഇയിലും 30ലധികം ധാരണാപത്രങ്ങളും ഒപ്പുവച്ചിട്ടുണ്ട്. രാജ്യത്തെ സർക്കാർ സർവകലാശാലകളിലെ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഇൻകുബേഷൻ സെൻററുകളിൽ ഒന്നാണിത്.

1973 മുതൽ വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള കമ്പനിയാണ് കെഎസ്ഐഎസി. പൊതുമേഖലയിലെ പ്രവർത്തനരഹിതമായ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. പ്രവർത്തനമാരംഭിച്ച് 20 വർഷത്തിനുള്ളിൽ തന്നെ 1993ൽ കെ. എസ്. ഐ. ഇ തങ്ങളുടെ ഉപസ്ഥാപനങ്ങളെ സ്വതന്ത്ര സ്ഥാപനങ്ങളാക്കി മാറ്റിയിരുന്നു.

നിലവിൽ കോഴിക്കോട്, തിരുവനന്തപുരം വിമാനത്താവളങ്ങളിലെ കാർഗോ പ്രവർത്തനങ്ങൾ, കോഴിക്കോട്ടെ കേരള സോപ്പ്സ്, കളമശ്ശേരിയിലെ കൊച്ചിൻ ഇൻറർനാഷണൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ എന്നിവയാണ് കെ. എസ്. ഐ. ഇയുടെ പ്രധാന പ്രവർത്തന മേഖലകൾ. ഇതിനു പുറമെ തിരുവനന്തപുരം, കോട്ടയം, കൊച്ചി, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിലെ ബിസിനസ് സെൻററുകൾ വഴി ഉൽപ്പന്നങ്ങൾ വിപണനം നടത്തുകയും തലസ്ഥാനത്തുള്ള ഇൻഫ്രാസ്ട്രക്ചർ ഡിവിഷൻ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നുണ്ട്

## പീഡിപ്പിക്കാൻ ശ്രമിച്ചെന്ന ബിജെപി പ്രാദേശിക വനിതാ നേതാവിന്റെ പരാതി; യൂട്യൂബർ സുബൈർ ബാപ്പു അറസ്റ്റിൽ

മലപ്പുറം: പീഡിപ്പിക്കാൻ ശ്രമിച്ചെന്ന ബിജെപി പ്രാദേശിക വനിതാ നേതാവിന്റെ പരാതിയിൽ യൂട്യൂബർ അറസ്റ്റിൽ. മലപ്പുറം കൂരാട് സ്വദേശി സുബൈർ ബാപ്പു ആണ് അറസ്റ്റിലായത്.

ഈ മാസം 10 ന് വൈകീട്ട് വീട്ടിലെത്തി പീഡിപ്പിക്കാൻ ശ്രമിച്ചെന്നാണ് പരാതി. താൻ വീടിന്റെ അടുക്കളയിലിരിക്കെ വീട്ടിലേക്ക് കടന്നുവന്ന സുബൈർ ബാപ്പു തന്നെ ശാരിരികമായി ഉപദ്രവിക്കാൻ ശ്രമിച്ചുവെന്നാണ് ബിജെപി വനിതാ നേതാവ് പറയുന്നത്.

പരാതിയുടെ അടിസ്ഥാനത്തിൽ സുബൈറിന്റെ അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു. ഇയാൾ മുമ്പ് ബിജെപി പ്രവർത്തകനായിരുന്നുവെന്നും, അങ്ങനെയാണ് പരിചയപ്പെടുന്നതെന്നും യുവതി പറയുന്നു.

സ്വഭാവദൂഷ്യത്തെത്തുടർന്ന് പ്രതിയെ രണ്ടു വർഷം മുമ്പു സംഘടനാപരമായ നടപടി സ്വീകരിച്ച് പാർട്ടിയിൽ നിന്നും പുറത്താക്കുകയായിരുന്നുവെന്നാണ് പറയപ്പെടുന്നത്.

## ആഗോള അയ്യപ്പ സംഗമം രാഷ്ട്രീയ നാടകമെന്ന് രാജീവ് ചന്ദ്രശേഖർ

തിരുവനന്തപുരം: ആഗോള അയ്യപ്പ സംഗമം രാഷ്ട്രീയ നാടകമാണെന്ന് ബിജെപി സംസ്ഥാന പ്രസിഡൻറ് രാജീവ് ചന്ദ്രശേഖർ.

അയ്യപ്പ സംഗമം രാഷ്ട്രീയ പരിപാടിയല്ലെങ്കിൽ പിന്നെ എന്താണ്. ആരെ വിഡ്ഢിയാക്കാനാണ് ശ്രമിക്കുന്നത്. സർക്കാർ പരിപാടിയല്ലെങ്കിൽ പിന്നെന്തിനാണ് തമിഴ്നാട് മുഖ്യമന്ത്രി സ്റ്റാലിനെ ക്ഷണിക്കാൻ മന്ത്രി പോയത്.തിരുവിതാംകൂർ ദേവസ്വം ബോർഡ് ആണ് അയ്യപ്പ സംഗമം നടത്തുന്നതെങ്കിൽ ദേവസ്വം ബോർഡ് പ്രസിഡൻറല്ലേ പോകേണ്ടത്. തെരഞ്ഞെടുപ്പിന് നാലഞ്ചു മാസം മാത്രം ബാക്കിയിരിക്കെ ഇപ്പോൾ അയ്യപ്പ സംഗമം നടത്തുന്നത് രാഷ്ട്രീയ ലക്ഷ്യത്തോടു തന്നെയാണെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

തമിഴ്നാട് മുഖ്യമന്ത്രി എം. കെ. സ്റ്റാലിൻ എപ്പോഴാണ് അയ്യപ്പ ഭക്തനായത് . ഇതിനെ രാഷ്ട്രീയമായിട്ടാണ് ജനങ്ങൾ കാണുന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ ദൈവവിശ്വാസിയല്ല. അദ്ദേഹം നാസ്തികനാണ്.

അയ്യപ്പ സംഗമം ആരാധനയുടെ ഭാഗമാണെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. 18 തവണ ശബരിമലയിൽ ദർശനം നടത്തിയ തനിക്ക് ഒന്നു മറിയില്ലെന്നാണ് മുഖ്യമന്ത്രി പറയുന്നത്. പകരം നാസ്തികനായ മുഖ്യമന്ത്രി ഇതിനേപ്പറ്റി പറയുമ്പോൾ ആരെയാണ് ജനം വിശ്വസിക്കുകയെന്ന് രാജീവ് ചന്ദ്രശേഖർ ചോദിച്ചു.

ഇത് ആരാധനയുടെ ഭാഗമാണെങ്കിൽ, അയ്യപ്പ ഭക്തരുടെ വിശ്വാസം ബഹുമാനിക്കുന്ന പരിപാടിയാണെങ്കിൽ സ്റ്റാലിനെയും ഡിഎംകെയെയും വിളിക്കരുത്. ഹിന്ദു വൈറസാണെന്ന് പറയുന്ന ഡിഎംകെയും, ഹിന്ദു ഭക്തരെ ദ്രോഹിച്ച സിപിഎം മുഖ്യമന്ത്രിയും അവിടെ പോകാൻ പാടില്ല. അത് അപമാനമാണ്.

വിശ്വാസികളായ ഞങ്ങളുടെ അഭിപ്രായമാണ് കേൾക്കേണ്ടത്.

വിശ്വാസിയല്ലാത്ത മുഖ്യമന്ത്രിയാണോ ഈ പരിപാടി നടത്തേണ്ടത്. 10 കൊല്ലമായി ഭക്തർക്ക് ഒരു അടിസ്ഥാന സൗകര്യവും ചെയ്യാത്ത ദേവസ്വം ബോർഡാണ് അയ്യപ്പ സംഗമം നടത്തുന്നതെങ്കിൽ നടത്തിക്കോട്ടെ. അതിനെതിരെ ബിജെപി ഒന്നും പറഞ്ഞിട്ടില്ലെന്നും രാജീവ് ചന്ദ്രശേഖർ കൂട്ടിച്ചേർത്തു.

## പാലക്കാട് എംഎൽഎ സ്ഥലത്ത് ഇല്ലാത്തത് ആശ്വാസം: എ. എൻ. കൃഷ്ണദാസ്

പാലക്കാട്: രാഹുൽ മാങ്കൂട്ടത്തിലിനെതിരെ രൂക്ഷവിമർശനവുമായി സിപിഎം സംസ്ഥാന കമ്മിറ്റി അംഗം എൻ. എൻ. കൃഷ്ണദാസ്.

പാലക്കാട് എംഎൽഎ സ്ഥലത്തില്ലാത്തത് ആശ്വാസമാണെന്നും, അങ്ങനെയുള്ള വേതാളം ഇവിടെ വേണ്ട എന്നും അദ്ദേഹം പറഞ്ഞു. രാഹുൽ മാങ്കൂട്ടത്തിൽ പൊതുവേദിയിൽ വരാൻ അർഹനല്ലെന്നും അദ്ദേഹത്തെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിച്ച കോൺഗ്രസ് ജനങ്ങളോട് മാപ്പ് പറയണമെന്നും എൻ. എൻ. കൃഷ്ണദാസ് പറഞ്ഞു.

ലൈംഗീക പീഡന ആരോപണം നേരിട്ടതിന് പിന്നാലെ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ സ്ഥാനം രാജിവയ്ക്കണമെന്ന് കോൺഗ്രസ് ആവശ്യപ്പെടണമെന്നും എൻ. എൻ. കൃഷ്ണദാസ് വ്യക്തമാക്കി.

രാഹുലിനെ ജനങ്ങൾക്ക് മേൽ കെട്ടിവെച്ചതിന് കോൺഗ്രസ് മാപ്പ് പറയണം. രാഹുൽ മാങ്കൂട്ടത്തിലിനെ പാലക്കാട്ടെ പൊതുവേദിയിൽ അനുവദിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. രാഹുലിനെ പാലക്കാട് എത്തിച്ചത് ഷാഫി പറമ്പിലാണെന്നും, ഷാഫിയെ ആരും തടഞ്ഞിട്ടില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

## മൊബൈൽഫോൺ മോഷണം; ബംഗാൾ സ്വദേശി പിടിയിൽ

കോട്ടയം: റെയിൽവേ സ്റ്റേഷനിലെ കാത്തിരിപ്പുകേന്ദ്രത്തിൽനിന്ന് മൊബൈൽഫോൺ മോഷ്ടിച്ച ബംഗാൾ സ്വദേശിയെ ആർപിഎഫ് അറസ്റ്റ് ചെയ്തു. പശ്ചിമബംഗാളിലെ ഉത്തർദിനാപുർ സ്വദേശി നജറുൽ ഹഖാണ് അറസ്റ്റിലായത്.

കാത്തിരിപ്പുകേന്ദ്രത്തിൽ വിശ്രമിക്കുകയായിരുന്ന യാത്രക്കാരന്റെ 16,000 രൂപ വിലയുള്ള മൊബൈൽ ഫോണാണ് പ്രതി മോഷ്ടിച്ചത്. ഇയാൾ ഫോൺ മോഷ്ടിക്കുന്ന സിസിടിവി ദൃശ്യങ്ങളും പുറത്തുവന്നിരുന്നു.

പരിശോധനയ്ക്കിടെ പ്രതിയുടെ കൈയിൽ നിന്നും മറ്റൊരു മൊബൈൽ ഫോണും കണ്ടെടുത്തിട്ടുണ്ട്. ഇയാളെ വിശദമായി ചോദ്യം ചെയ്തുവരുകയാണെന്ന് പോലീസ് പറഞ്ഞു.

## മണ്ണിടിച്ചിൽ; താമരശേരി ചുരം വഴിയുള്ള ഗതാഗതം പൂർണമായി നിരോധിച്ചു

വയനാട്: മണ്ണിടിച്ചിലിനെ തുടർന്ന് താമരശേരി ചുരം വഴിയുള്ള ഗതാഗതം പൂർണമായും നിരോധിച്ചു. ശക്തമായ മഴയിൽ കൂടുതൽ പാറക്കഷ്ണങ്ങളും മണ്ണും റോഡിലേക്ക് വീഴുന്നത് തുടരുന്ന സാഹചര്യത്തിലാണ് നടപടിയെന്ന് ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു.

ആംബുലൻസ് ഉൾപ്പെടെയുള്ള എമർജൻസി വാഹനങ്ങൾ പോലീസിന്റെ അനുമതിയോടെ കടത്തിവിടും. നിയന്ത്രണങ്ങളുമായി ജനങ്ങൾ സഹകരിക്കണമെന്നും കളക്ടർ അറിയിച്ചു. റോഡിൽ നിന്ന് മണ്ണ് നീക്കം ചെയ്യാനുള്ള പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

താമരശേരി തഹസിൽദാർ സി. സുബൈർ ഉൾപ്പെടെയുള്ള റവന്യൂ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പോലീസ്, ഫയർഫോഴ്സ് ഉദ്യോഗസ്ഥർ തുടങ്ങിയവരാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

## ഓണത്തെ വരവേൽക്കാനൊരുങ്ങി കെഎസ്ആർടിസി; സ്പെഷ്യൽ സർവീസുകളുടെ ബുക്കിംഗ് ആരംഭിച്ചു

തിരുവനന്തപുരം: ഓണക്കാലത്തെ തിരക്ക് കുറയ്ക്കുന്നതിനായി സ്പെഷ്യൽ സർവീസുകളുമായി കെഎസ്ആർടിസി. 29 മുതൽ സെപ്റ്റംബർ പതിനഞ്ചുവരെ നടത്തുന്ന സ്പെഷ്യൽ സർവീസുകളിലേക്ക് ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് ആരംഭിച്ചു.

കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് ബംഗളൂരു, മൈസൂരു, ചെന്നൈ എന്നിവിടങ്ങളിലേയ്ക്കാണ് അധിക സർവീസുകൾ ക്രമീകരിച്ചത്. കെഎസ്ആർടിസി പുതുതായി നിരത്തിലിറക്കിയ അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ബസുകളും സർവീസ് നടത്തും.

സീറ്റുകൾ ബുക്കിംഗ് ആകുന്നതനുസരിച്ച് കൂടുതൽ ബസുകൾ ഘട്ടം ഘട്ടമായി ക്രമീകരിക്കുമെന്ന് അധികൃതർ അറിയിച്ചു.

## ആഗോള അയ്യപ്പ സംഗമം; രാജീവ് ചന്ദ്രശേഖർ വിശ്വാസികളെ അപമാനിക്കുന്നു: മന്ത്രി വി. ശിവൻകുട്ടി

തിരുവനന്തപുരം: ആഗോള അയ്യപ്പ സംഗമത്തെ ബിജെപി രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിക്കുകയാണെന്ന് മന്ത്രി വി. ശിവൻകുട്ടി. അയ്യപ്പസംഗമം വിശ്വാസികളുടെ ഒരുമയെ വിളിച്ചോതുന്ന പരിപാടിയാണ്.

തത്വമസിയെന്ന ദർശനത്തിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് വിശ്വാസ സമൂഹം മുന്നോട്ടു പോകുമ്പോൾ രാജീവ് ചന്ദ്രശേഖർ ഉൾപ്പടെയുള്ളവർ എതിർക്കുന്നത് രാഷ്ട്രീയ ദുരുദ്ദേശ്യത്തോടെയാണ്. ഇവർ വിശ്വാസികളെ അപമാനിക്കുകയാണ്.

രാജീവ് ചന്ദ്രശേഖറിന്റെ പ്രസ്താവനകൾ അദ്ദേഹത്തിന്റെ അറിവില്ലായ്മയെയും കേരളത്തിലെ സാമൂഹിക സാംസ്കാരിക പശ്ചാത്തലങ്ങളെക്കുറിച്ചുള്ള അജ്ഞതയെയും തുറന്നു കാട്ടുന്നു. കേരളത്തിന്റെ ആത്മീയതയും ഭക്തിയും ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടെയോ വ്യക്തിയുടെയോ കുത്തകയല്ലെന്നും മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു.




സൊമാറ്റോ വഴി ഓർഡർ ചെയ്ത കഫേ കുടുംബശ്രീ പ്രീമിയം റെസ്റ്റോറൻറിൽ നിന്നുള്ള ഭക്ഷ്യവിഭവം മന്ത്രിക്ക് കൈമാറുന്നു

# 'ട്രംപിനെ കൊല്ലണം', 'ഇന്ത്യക്കെതിരേ അണുവായുധം പ്രയോഗിക്കണം'; യുഎസിലെ അക്രമി തോക്കിൽ എഴുതിവച്ചു

വാഷിംഗ്ടൺ ഡിസി: യുഎസിലെ മിനിയാപോളിസിൽ രണ്ട് വിദ്യാർഥികളെ വെടിവെച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പുറത്ത്.

23കാരനായ റോബിൻ വെസ്റ്റ്മാൻ എന്ന ട്രാൻസ് വുമൻ ആണ് മിനിയാപോളിസിലെ കാത്തലിക്ക് സ്കൂളിലെ വിദ്യാർഥികൾക്ക് നേരേ വെടിയുതിർത്തതെന്നാണ് റിപ്പോർട്ട്. പ്രാർഥനാ ചടങ്ങിനിടെയായിരുന്നു ആക്രമണം.

വെടിവെപ്പിൽ രണ്ട് വിദ്യാർഥികൾ കൊല്ലപ്പെടുകയും 17 വിദ്യാർഥികൾക്ക് പരിക്കേൽക്കുകയുംചെയ്തു. ആക്രമണത്തിന് പിന്നാലെ സ്കൂളിന്റെ പാർക്കിങ്ങിൽ ഇയാളെ വെടിയേറ്റ് മരിച്ചനിലയിൽ കണ്ടെത്തിയതായും പ്രതി ആത്മഹത്യ ചെയ്തതാണെന്നാണ് നിഗമനമെന്നും റിപ്പോർട്ടുകളിലുണ്ട്.

അതിനിടെ, റോബിൻ വെസ്റ്റ്മാന്റെ യൂട്യൂബ് ചാനലിൽനിന്ന് ചില സുപ്രധാനവിവരങ്ങളും ലഭ്യമായിട്ടുണ്ട്. തന്റെ കൈവശമുള്ള തോക്കുകളടക്കം പ്രദർശിപ്പിച്ചുള്ള വീഡിയോകളാണ് ഇയാൾ യൂട്യൂബ് ചാനലിൽ അപ് ലോഡ് ചെയ്തിരുന്നത്.

ഈ തോക്കുകളിൽ ഡോണാൾഡ് ട്രംപിനെ കൊല്ലുക എന്നും ഇന്ത്യയ്ക്ക് നേരേ അണുവായുധം പ്രയോഗിക്കുക എന്ന് അർഥംവരുന്ന 'ന്യൂക്ക് ഇന്ത്യ' എന്നും കൊത്തിവച്ചിരുന്നതായി ഈ വീഡിയോകളിൽ കാണാം.

'ഡോണാൾഡ് ട്രംപിനെ ഇപ്പോൾ കൊല്ലണം', 'ഇസ്രയേൽ തകരണം', 'ഇസ്രയേലിനെ ചാമ്പലാക്കണം' എന്നീ വാക്കുകളും ഇയാളുടെ തോക്കുകളിൽ എഴുതിയിരുന്നു.

'നിങ്ങളുടെ ദൈവം എവിടെ', 'കുട്ടികൾക്ക് വേണ്ടി' എന്നിവയും ആയുധങ്ങളിൽ എഴുതിയിട്ടുണ്ട്. അതേസമയം, വെടിവെപ്പിന് പിന്നാലെ പ്രതിയുടെ ചാനൽ യൂട്യൂബ് നീക്കം ചെയ്തിട്ടുണ്ട്.

ആകെ രണ്ട് വീഡിയോകളാണ് പ്രതിയുടെ യൂട്യൂബ് ചാനലിലുണ്ടായിരുന്നത്. ഈ വീഡിയോകളിലാണ് തോക്കുകളും വെടിക്കോപ്പുകളും പ്രതി പ്രദർശിപ്പിച്ചിരുന്നത്. ഒരു വീഡിയോയിൽ ഒരു ചെറിയ തോക്ക് കൈയിലെടുത്ത് ആവശ്യം വന്നാൽ ഇത് തനിക്കുള്ളതാണെന്ന് പ്രതി പറയുന്നതും കാണാം.

ക്ഷമചോദിച്ച് കുടുംബത്തിനായി എഴുതിയ നാലു പേജുള്ള കത്തും പ്രതി ഒരു വീഡിയോയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. സ്കൂളുകളിൽ നേരത്തേ വെടിവെപ്പ് നടത്തിയ ചില അക്രമികളുടെ പേരുകളും പ്രതി തന്റെ തോക്കുകളിൽ എഴുതിവെച്ചിരിക്കുന്നതും വീഡിയോയിൽ കാണാം. ഇതിനുപുറമേ സിറിലിക്ക് ലിപിയിൽ എഴുതിയ നിരവധി പേജുകളുള്ള കത്തുകളും വീഡിയോയിൽ കാണിച്ചിരുന്നു.

# കൊടുംഭീകരർ നേപ്പാൾ വഴി രാജ്യത്തെത്തി; ബിഹാറിൽ അതീവ ജാഗ്രതാ നിർദേശം

പാറ്റ്ന: ബിഹാറിൽ അതീവ ജാഗ്രതാ നിർദേശം. പാക്കിസ്ഥാനിൽ നിന്നും നേപ്പാൾ വഴി ബിഹാറിലേക്ക് മൂന്ന് ഭീകരർ കടന്നിട്ടുണ്ടെന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പോലീസ് ജാഗ്രതാ നിർദേശം നൽകിയത്.

നിരോധിത ഭീകര സംഘടനയായ ജെയ്ഷെ മുഹമ്മദിലെ അംഗങ്ങളായ റാവൽപിണ്ടി സ്വദേശി ഹസ്നൈൻ അലി, ഉമർകോട്ട് സ്വദേശി ആദിൽ ഹുസൈൻ, ബഹവൽപുർ സ്വദേശി മുഹമ്മദ് ഉസ്മാൻ എന്നിവരാണ് അറസ്റ്റിലായത്.

മൂന്ന് ഭീകരരുടെ രേഖാചിത്രവും പോലീസ് പുറത്തുവിട്ടിട്ടുണ്ട്. ഓഗസ്റ്റിൽ നേപ്പാൾ തലസ്ഥാനമായ കാഠ്മണ്ഡുവിൽ എത്തിയ ഭീകരർ, കഴിഞ്ഞയാഴ്ച തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന ബിഹാറിലേക്ക് കടന്നതായി പോലീസ് പറഞ്ഞു. ഈ വർഷം അവസാനം നടക്കാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പ് കണക്കിലെടുത്ത് ബിഹാറിൽ സുരക്ഷ വർധിപ്പിച്ചിട്ടുണ്ട്.

# യുഎസ് തീരുവ: 40 രാജ്യങ്ങളിലേക്ക് വസ്ത്രകയറ്റുമതി വർധിപ്പിക്കാൻ ഇന്ത്യ

ന്യൂഡൽഹി: അമേരിക്കൻ തീരുവയുടെ ആഘാതത്തിൽനിന്ന് കരകയറാൻ യുകെ, ജർമനി, ഫ്രാൻസ്, ഇറ്റലി ഉൾപ്പെടെ 40 രാജ്യങ്ങളിലേക്ക് വസ്ത്ര കയറ്റുമതി വർധിപ്പിക്കാനുള്ള പദ്ധതിയുമായി ഇന്ത്യ.

ഇന്ത്യൻ എംബസികളുടെ സഹകരണത്തോടെ ഈ രാജ്യങ്ങളിലെ കയറ്റുമതി സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താനാണ് നീക്കം.

സ്പെയിൻ, നെതർലൻഡ്സ്, പോളണ്ട്, കാനഡ, മെക്സികോ, റഷ്യ, ബെൽജിയം, തുർക്കിയ, യുഎഇ, ഓസ്ട്രേലിയ, ജപ്പാൻ, ദക്ഷിണ കൊറിയ തുടങ്ങിയവയാണ് ഇന്ത്യ ലക്ഷ്യമിടുന്ന മറ്റ് രാജ്യങ്ങൾ. ഈ രാജ്യങ്ങളിലേക്ക് കയറ്റുമതി വർധിപ്പിച്ചാൽ അമേരിക്ക ഏർപ്പെടുത്തിയ 50 ശതമാനം തീരുവയുടെ ആഘാതം ഒരു പരിധി വരെ കുറയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

220ൽ അധികം രാജ്യങ്ങളിലേക്ക് ഇന്ത്യ വസ്ത്ര കയറ്റുമതി നടത്തുന്നുണ്ടെങ്കിലും ഈ 40 രാജ്യങ്ങളാണ് ഏറ്റവും പ്രധാനം. 52 ലക്ഷം കോടിയുടെ വസ്ത്ര ഇറക്കുമതിയാണ് ഇന്ത്യ ലക്ഷ്യമിടുന്ന 40 രാജ്യങ്ങൾ നടത്തുന്നത്. ഇതിൽ ഇന്ത്യയുടെ വിഹിതം അഞ്ച്ആറ് ശതമാനം മാത്രമാണ്. ഇതു വർധിപ്പിക്കുകയാണ് ലക്ഷ്യം.

# ആസാമിൽ വ്യത്യസ്ത മതവിഭാഗങ്ങൾക്കിടയിൽ നടക്കുന്ന ഭൂമി കൈമാറ്റങ്ങൾക്ക് അനുമതി നിർബന്ധം

ഗോഹട്ടി: ആസാമിൽ വ്യത്യസ്ത മതവിഭാഗങ്ങൾക്കിടയിൽ നടക്കുന്ന ഭൂമി കൈമാറ്റങ്ങൾക്ക് ഇനി മുതൽ സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതി നിർബന്ധമാക്കുന്നതിന് തീരുമാനം.

ഹിന്ദുക്കളും മുസ്!ലീങ്ങളും തമ്മിലുള്ള ഭൂമി ഇടപാടുകൾക്ക് മുഖ്യമന്ത്രിയുടെ മുൻകൂർ സമ്മതം ആവശ്യമാണെന്ന് ആസാം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ പറഞ്ഞു. സംസ്ഥാനത്ത് ഭൂമി വാങ്ങാൻ ശ്രമിക്കുന്ന ആസാമിന് പുറത്തുള്ള എൻജിഒകൾക്കും ഇത് ബാധകമാക്കും.

'സംസ്ഥാനത്തെ ഭൂമി ഉടമസ്ഥതയുമായി ബന്ധപ്പെട്ട സുതാര്യത ഉറപ്പാക്കാനും മതപരമായ സംഘർഷങ്ങൾ ഒഴിവാക്കാനും ലക്ഷ്യമിട്ടാണ് ഈ പുതിയ നിയന്ത്രണം. സംസ്ഥാനത്തിന് പുറത്തുള്ള എൻജിഒകൾക്കും ഇത് ബാധകമാകും. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി കേരളം പോലുള്ള സ്ഥലങ്ങളിൽ നിന്ന് ധാരാളം എൻജിഒകൾ ആസാമിൽ ഭൂമി വാങ്ങുന്നതും ദേശീയ സുരക്ഷയ്ക്ക് ഹാനികരമായേക്കാവുന്ന പരിപാടികൾ നടത്തുന്നതും ഞങ്ങൾ കാണുന്നുണ്ട്. ആസാമിലെ എൻജിഒകൾക്ക് ഒരു നടപടിക്രമവും ആവശ്യമില്ല.

പക്ഷേ പുറത്തുനിന്നുള്ളവർ വിദ്യാഭ്യാസ സ്ഥാപനം, നഴ്സിംഗ് കോളജ്, മെഡിക്കൽ കോളജ് എന്നിവ സ്ഥാപിക്കാൻ ഭൂമി വാങ്ങുന്നുണ്ടെങ്കിലും ഇതേ നടപടിക്രമം പാലിക്കണം' മുഖ്യമന്ത്രി പറഞ്ഞു.

ഭൂമി വാങ്ങുന്നതിനോ വിൽക്കുന്നതിനോ മുമ്പ് അതിന്റെ വിശദാംശങ്ങൾ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കണം. ഈ നടപടി ഭൂമി ഉടമസ്ഥതയുമായി ബന്ധപ്പെട്ട തർക്കങ്ങൾ കുറക്കാനും മതപരമായ വിവാദങ്ങൾ തടയാനും സഹായിക്കുമെന്നാണ് സർക്കാർ വൃത്തങ്ങൾ അവകാശപ്പെടുന്നത്.

## ജലനിരപ്പ് ഉയർന്നു; ഒമ്പത് ഡാമുകളിൽ റെഡ് അലർട്ട്

തിരുവനന്തപുരം: കനത്ത മഴയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ഒമ്പതുഡാമുകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. കക്കി, മാട്ടുപ്പെട്ടി, കല്ലാർകുട്ടി, ഷോളയാർ, പെരിങ്ങൽകുത്ത്, ബാണാസുര സാഗർ, മീങ്കര, വാളയാർ, പോത്തുണ്ടി ഡാമുകളിലാണ് ജലനിരപ്പ് ഉയർന്നതിനാൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്.

മാട്ടുപെട്ടി, കല്ലാർകുട്ടി, പെരിങ്ങൽകുത്ത് ഡാമുകളിലും മീങ്കര, വാളയാർ, പോത്തുണ്ടി ഡാമുകളിലും മുൻകരുതലിന്റെ ഭാഗമായി വെള്ളം തുറന്നു വിടുന്നുണ്ട്. അണക്കെട്ടുകളുടെ പരിസരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് നിർദേശം നൽകി.

അതേസമയം ആറ് ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. എറണാകുളം, തൃശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്. അഞ്ച് ജില്ലകളിൽ യെല്ലോ അലർട്ടാണ്. മലപ്പുറം, പാലക്കാട്, ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലകളിലാണ് യെല്ലോ അലർട്ട്.

ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്.

# മഹാരാഷ്ട്രയിൽ നാലുനില കെട്ടിടം തകർന്ന് അപകടം; മരണസംഖ്യ 15 ആയി

മുംബൈ: മഹാരാഷ്ട്രയിലെ വിരാറിൽ അനധികൃതമായി നിർമിച്ച നാലുനില കെട്ടിടം തകർന്നുണ്ടായ അപകടത്തിൽ 15 പേർ മരിച്ചു.

അപകടത്തിൽ ആറ് പേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. പരിക്കേറ്റവരിൽ ഒരു വയസുള്ള കുട്ടിയും അമ്മയുമുണ്ട്. കെട്ടിട ഭാഗങ്ങൾക്കുള്ളിൽ നിരവധി പേർ കുടുങ്ങിക്കിടക്കുന്നുണ്ട്. ബുധനാഴ്ച പുലർച്ചെ 12.05 നാണ് വിരാറിലെ രമാഭായ് അപ്പാർട്ട്മെൻറിന്റെ പിൻഭാഗം തകർന്നുവീണത്. അപകടം നടന്ന് മണിക്കൂറുകളായിട്ടും തകർന്ന സ്ഥലത്തെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനം തുടരുകയാണ്. ആറ് പേരുടെ മൃതദേഹങ്ങൾ അവശിഷ്ടങ്ങൾക്കിടയിൽ നിന്നാണ് കണ്ടെടുത്തത്. അപകടത്തെ തുടർന്ന് 20 മണിക്കൂറിലധികം നീണ്ട രക്ഷാപ്രവർത്തനം തുടരുകയാണ്. അപകടത്തിൽപ്പെട്ട ചിലർ അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ ഇന്ദു റാണി ജഖർ സ്ഥിരീകരിച്ചു. അപകടത്തിൽപ്പെട്ട കുടുംബങ്ങളെ ചന്ദൻസർ സമാജ്മന്ദിരിലേക്ക് മാറ്റി. ഭക്ഷണം, വെള്ളം, വൈദ്യസഹായം എന്നിവ നൽകിയിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. ചില മൃതദേഹങ്ങൾ അവശിഷ്ടങ്ങളിൽ നിന്ന് പുറത്തെടുത്തതായും മറ്റുള്ളവർ ആശുപത്രികളിൽ ചികിത്സയ്ക്കിടെ മരിച്ചുവെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

# അവിഹിത ബന്ധമെന്ന സംശയം; ഭാര്യയെ തീകൊളുത്തി കൊന്ന് യുവാവ്

മുംബൈ: അവിഹിതബന്ധമുണ്ടെന്ന സംശയത്തെ തുടർന്ന് യുവതിയെ ഭർത്താവ് തീകൊളുത്തിക്കൊലപ്പെടുത്തി. മഹാരാഷ്ട്രയിലെ നവിമുംബൈയിലാണ് സംഭവം. യുവതി ആത്മഹത്യ ചെയ്തതാണെന്ന് വരുത്തിത്തീർക്കാൻ ഭർത്താവ് ശ്രമിച്ചെങ്കിലും കൊലപാതകത്തിന് സാക്ഷിയായ ദമ്പതികളുടെ മകളുടെ മൊഴി വഴിത്തിരിവായി. രാജ്കുമാർ രാംശിരോമണി സാഹു(35)ആണ് ഭാര്യ ജാഗ്രണി(32)യെ കൊലപ്പെടുത്തിയത്. ഉരണിലെ പഗോതെഗാവിൽ ഓഗസ്റ്റ് 25ാം തീയതി പുലർച്ചെയായിരുന്നു സംഭവം.

ജാഗ്രണിയുടെ കൈകാലുകൾ കെട്ടിയിട്ട് ദേഹത്ത് മണ്ണെണ്ണയൊഴിച്ച് രാജ്കുമാർ തീകൊളുത്തുകയായിരുന്നു. ഇവരെ ആശുപത്രിയിലേക്ക് കൊണ്ടുപോയെങ്കിലും അവിടെ എത്തുന്നതിന് മുൻപേ മരിച്ചു. ഭാര്യ മുറിയിൽ കയറി വാതിലടച്ച് സ്വയം തീകൊളുത്തുകയായിരുന്നു എന്നായിരുന്നു രാജ്കുമാർ പറഞ്ഞത്. ഇതിന്റെ അടിസ്ഥാനത്തിൽ പോലീസ് കേസും രജിസ്റ്റർ ചെയ്തു. എന്നാൽ, പോലീസ് തുടർന്ന് നടത്തിയ അന്വേഷണത്തിൽ രാജ്കുമാർ പറഞ്ഞത് കളവാണെന്ന് കണ്ടെത്തി.

പോസ്റ്റ്മോർട്ടം റിപ്പോർട്ടും രാജ്കുമാറിന്റെയും ജാഗ്രണിയുടെയും മകളായ ഏഴുവയസുകാരിയുടെ മൊഴിയുമാണ് ഇതിൽ നിർണായകമായത്. അമ്മയെ അച്ഛൻ തീകൊളുത്തിയെന്നായിരുന്നു മകളുടെ മൊഴിയെന്ന് പോലീസ് പറഞ്ഞു. പിന്നാലെ രാജ്കുമാറിനെ 26ാം തീയതി അറസ്റ്റ് ചെയ്യുകയായിരുന്നു.

# സിന്ധു ക്വാർട്ടറിൽ ധ്രുവ് കപിലതനിഷ ക്രാസ്റ്റോ സഖ്യവും മുന്നോട്ട്

പാരിസ്: ബിഡബ്ല്യുഎഫ് ലോക ചാമ്പ്യൻഷിപ്പ് വനിതാ സിംഗിൾസിൽ ഇന്ത്യയുടെ പി വി സിന്ധുവും മിക്സഡ് ഡബിൾസിൽ ധ്രുവ് കപിലതനിഷ ക്രാസ്റ്റോ സഖ്യവും ക്വാർട്ടർ ക്വാർട്ടർ ഫൈനലിൽ. രണ്ട് തവണ ഒളിമ്പിക് മെഡൽ ജേതാവായ സിന്ധുവിന്റെ രണ്ടാം സീഡും ലോക രണ്ടാം നമ്പർ താരവുമായ ചൈനയുടെ വാങ് ഷി യിയെ പ്രീ ക്വാർട്ടറിൽ പരാജയപ്പെടുത്തി. സ്കോർ: 2119, 2115.

2021 ലും താരം ലോക ചാമ്പ്യൻഷിപ്പിന്റെ ക്വാർട്ടറിലെത്തിയിരുന്നു, മലേഷ്യയുടെ ലെത്ഷാന കറുപ്പത്തേവനെ 43 മിനിറ്റ് നീണ്ടുനിന്ന മത്സരത്തിൽ 2119, 2115 എന്ന സ്കോറിന് പരാജയപ്പെടുത്തിയാണ് സിന്ധു പ്രീക്വാർട്ടറിലെത്തിയത്. ലോക 15ാം നമ്പർ താരമായ സിന്ധു ക്വാർട്ടർ ഫൈനലിൽ ഒമ്പതാം സീഡ് ഇന്തോനേഷ്യയുടെ പുത്രി കുസുമ വാർഡാനിയെ നേരിടും. 23കാരിയായ വാർഡാനിയും സിന്ധുവും ഇതുവരെ നാല് തവണ ഏറ്റുമുട്ടി. ഇരുവരും രണ്ടുതവണ വീതം ജയം നേടി.

ഹോങ്കോങ്ങിന്റെ ടാങ് ചുൻ മാൻസെ യിംഗ് സഖ്യത്തെയാണ് ധ്രുവ് കപിലതനിഷ ക്രാസ്റ്റോ സഖ്യം വീഴ്ത്തിയത്. 1921, 2112, 2115 എന്ന സ്കോറിനായിരുന്നു ജയം. ലോക അഞ്ചാം നമ്പർ താരങ്ങളായ ടാങ്ങും സെ സഖ്യം നിലവിലെ ഏഷ്യൻ ചാമ്പ്യന്മാരും രണ്ട് തവണ ലോക ചാമ്പ്യൻഷിപ്പിൽ വെങ്കല മെഡൽ ജേതാക്കളുമാണ്. ധ്രുവ്തനീഷ സഖ്യത്തിന് ലോക ചാമ്പ്യൻഷിപ്പിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ മിക്സഡ് ഡബിൾസ് ജോഡിയാകാൻ ഇനി ഒരു വിജയം കൂടി മാത്രം മതിയാകും. സെമിഫൈനലിൽ സ്ഥാനം നേടാൻ മലേഷ്യയുടെ ചെൻ ടാങ് ജിതോ ഈ വെയ് സഖ്യമാണ് എതിരാളി.

പുരുഷ ഡബിൾസിൽ ഒമ്പതാം സീഡായ ഇന്ത്യയുടെ സാത്വിക് സായിരാജ് രങ്കിറെഡ്ഡിയും ചിരാഗ് ഷെട്ടിയും പ്രീ?ക്വാ?ർ?ട്ട?റി?ലെത്തി. ചൈനീസ് തായ്പേയിയുടെ ലിയു കുവാങ് ഹെങ്, യാങ് പോ ഹാൻ സഖ്യത്തിനെതിരെ വിജയം നേടി. ചൈനയുടെ ലിയാങ് വെയ് കെങ്, വാങ് ചാങ് എന്നിവരെയാണ് പ്രീക്വാർട്ടറിൽ സാത്വിക്ചിരാഗ് സഖ്യം നേരിടുക.മിക്സഡ് ഡബിൾസിൽ റുത്വിക ഗാഡ്ഡെയുടെയും രോഹൻ കപൂറിന്റെയും പോരാട്ടം അവസാനിച്ചു. ലോക 33ാം നമ്പർ താരങ്ങളായ ഇന്ത്യൻ ജോഡി രണ്ടാം റൗണ്ടിൽ നാലാം റാങ്കുകാരായ മലേഷ്യൻ ജോഡിയോട് 2116, 2111 എന്ന സ്കോറിന് പരാജയപ്പെടുകയായിരുന്നു. അതേസമയം മലയാളി താരം എച്ച് എസ് പ്രണോയ് ധീരമായ പോരാട്ടം കാഴ്ചവച്ചെങ്കിലും ഡെന്മാർക്കിന്റെ ലോക രണ്ടാം നമ്പർ താരം ആൻഡേഴ്സ് ആന്റൺസണിനോട് പരാജയപ്പെട്ടു.

# കൂലിക്ക് 'എ സർട്ടിഫിക്കറ്റ്' തന്നെ; സൺ പിക്ചേഴ്സ് സമർപ്പിച്ച ഹർജി തള്ളി മദ്രാസ് ഹൈക്കോടതി

ചെന്നൈ: രജനികാന്ത് സിനിമ കൂലിക്ക് എ സർട്ടിഫിക്കറ്റ് നൽകിയതിനെ ചോദ്യം ചെയ്ത് സൺപിക്ചേഴ്സ് സമർപ്പിച്ച ഹർജി തള്ളി മദ്രാസ് ഹൈക്കോടതി.

ജസ്റ്റീസ് ടി. വി. തമിഴ്സൽവിയാണ് ഹർജി പരിഗണിച്ചത്. ഹർജിയിൽ യാതൊരു കഴമ്പുമില്ലെന്ന് നിരീക്ഷിച്ച കോടതി, സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷന്റെ തീരുമാനം ശരിവച്ചു.

സിനിമയ്ക്ക് ലഭിച്ച എ സർട്ടിഫിക്കറ്റ് കുടുംബപ്രേക്ഷകരെ അകറ്റി നിർത്തുകയാണെന്നും ചിത്രം റീസർട്ടിഫൈ ചെയ്യണമെന്നുമാണ് സിനിമയുടെ നിർമാതാക്കളായ സൺപിക്ചേഴ്സ് കോടതിയിൽ വാദിച്ചത്. എന്നാൽ കൂലി സിനിമയിൽ നിരവധി അക്രമാസക്തവും അങ്ങേയറ്റം ഭീഷണിപ്പെടുത്തുന്നതുമായ രംഗങ്ങളുണ്ടെന്ന് സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷനുവേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ എ. ആർ. എൽ. സന്ദരേശൻ വാദിച്ചു.

# ഡ്യൂട്ടിക്കിടെ ഉറക്കം; പയ്യന്നൂർ പോലീസ് സ്റ്റേഷനിലെ മൂന്ന് പേരെ സ്ഥലം മാറ്റി

കണ്ണൂർ: പോലീസ് സ്റ്റേഷൻ ഡ്യൂട്ടിക്കിടെ ഉറങ്ങിയ മൂന്ന് സിപിഒമാരെ സ്ഥലംമാറ്റി. പയ്യന്നൂർ പോലീസ് സ്റ്റേഷനിലെ സിപിഒമാരായ കെ. പ്രശാന്ത്, വി. സി. മുസമ്മിൽ, വി. നിധിൻ എന്നിവരെയാണ് സ്ഥലം മാറ്റിയത്. ലോക്കപ്പിൽ പ്രതികൾ ഉണ്ടായിരിക്കെ സിപിഒമാർ ഉറങ്ങിയെന്ന് കണ്ടെത്തി. ഈമാസം 17 നാണ് തളിപ്പറമ്പ് ഡിവൈഎസ്പി പ്രേമചന്ദ്രനാണ് പുലർച്ചെ സ്റ്റേഷനിൽ നേരിട്ട് എത്തി പരിശോധന നടത്തിയത്. കണ്ണൂർ റൂറൽ എസ്!പിക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലായിരുന്നു പരിശോധന.

ഏഴ് സ്റ്റേഷനുകളിലായിരുന്നു തളിപ്പറമ്പ് ഡിവൈഎസ്പി പരിശോധന നടത്തിയത്. പയ്യന്നൂർ സ്റ്റേഷനിലെത്തിയ സമയത്ത് മൂന്ന് സിപിഒമാരും കിടന്നുറങ്ങുന്നത് കണ്ടത്. തുടർന്നാണ് ഇവർക്കെതിരെ നടപടിയെടുത്തത്. സമീപ സ്റ്റേഷനുകളിലേക്കാണ് മൂന്ന് പേരെയും സ്ഥലംമാറ്റിയിരിക്കുന്നത്.

# ഏഷ്യാ കപ്പ് ഹോക്കിക്ക് ഇന്ന് തുടക്കം

പട്ന: ഏഷ്യാ കപ്പ് പുരുഷ ഹോക്കി ടൂർണമെന്റിന് ഇന്ന് ബീഹാറിലെ രാജ്ഗിറിൽ തുടക്കമാകും. നാലാം കിരീടവും അടുത്ത വർഷത്തെ ലോകകപ്പിലേക്കുള്ള പ്രവേശനവും ലക്ഷ്യമിട്ടാണ് ഇന്ത്യൻ ഹോക്കി ടീം സ്വന്തം നാട്ടിൽ കളത്തിലിറങ്ങുന്നത്.

ബെൽജിയവും നെതർലാൻഡ്സും സംയുക്തമായി ആതിഥേയത്വം വഹിക്കുന്ന 2026 എഫ്ഐഎച്ച് ഹോക്കി ലോകകപ്പിനു യോഗ്യത നേടാനുള്ള അവസരം കൂടിയായതിനാൽ എല്ലാ ടീമുകൾക്കും ഏഷ്യാ കപ്പ് നിർണായകമാണ്. വിജയികൾക്ക് നേരിട്ട് സ്ഥാനം ലഭിക്കുമെങ്കിലും, രണ്ടാം സ്ഥാനം മുതൽ ആറാം സ്ഥാനം വരെ എത്തുന്ന ടീമുകൾ അടുത്ത ഫെബ്രുവരിമാർച്ച് മാസങ്ങളിൽ നടക്കുന്ന ലോകകപ്പ് യോഗ്യതാ മത്സരങ്ങളിലേക്ക് യോഗ്യത നേടും.ഏഷ്യാ കപ്പിൽ 18 അംഗ ഇന്ത്യൻ പുരുഷ ഹോക്കി ടീമിനെ ഹർമൻപ്രീത് സിങ് നയിക്കും. മൻപ്രീത് സിങ്, ഹാർദിക് സിങ്, വിവേക് ??സാഗർ പ്രസാദ്, മൻദീപ് സിങ്, അമിത് രോഹിദാസ് തുടങ്ങിയ പരിചയസമ്പന്നരായ താരങ്ങൾ ടീമിൽ ഇടംനേടിയിട്ടുണ്ട്. ഏഷ്യയിലെ എട്ട് പ്രമുഖ ടീമുകളെ രണ്ട് ഗ്രൂപ്പുകളായാണ് തിരിച്ചിരിക്കുന്നത്. റൗണ്ട് റോബിൻ ലീഗ് മത്സരങ്ങൾക്ക് ശേഷം ഓരോ പൂളിൽ നിന്നും മികച്ച രണ്ട് സ്ഥാനക്കാർ സൂപ്പർ നാലിലേക്ക് യോഗ്യത നേടും. പിന്നാലെ മികച്ച രണ്ട് സ്ഥാനക്കാർ സെപ്റ്റംബർ ഏഴിന് നടക്കുന്ന ഫൈനലിൽ മത്സരിക്കും. മൂന്ന് തവണ (2003, 2007, 2017) ഏഷ്യാ കപ്പ് കിരീടം നേടുകയും അഞ്ച് തവണ റണ്ണേഴ്സ് അപ്പാകുകയും ചെയ്ത ഇന്ത്യ, പൂൾ എയിൽ ജപ്പാൻ, ചൈന, കസാക്കിസ്ഥാൻ എന്നിവരോടൊപ്പമാണ്. നിലവിലെ ചാമ്പ്യന്മാരും അഞ്ച് തവണ റെക്കോർഡ് ജേതാക്കളുമായ റിപ്പബ്ലിക് ഓഫ് കൊറിയ, പൂൾ ബിയിൽ ഒന്നാം സ്ഥാനത്താണ് നിൽക്കുന്നത്. ഓഗസ്റ്റ് 29 ന് ചൈനയ്ക്കെതിരെയാണ് ഇന്ത്യയുടെ ഏഷ്യാ കപ്പിലെ ആദ്യ മത്സരം. സെപ്റ്റംബർ ഏഴിന് ഫൈനൽ നടക്കും. പാകിസ്ഥാനും ഒമാനും മത്സരത്തിൽ നിന്ന് പിന്മാറിയതിനാൽ പകരക്കാരായി ബംഗ്ലാദേശിനെയും കസാക്കിസ്ഥാനെയും ഉൾപ്പെടുത്തി.

# തീരുവ യുദ്ധം; ചരക്കുകൾ കെട്ടിക്കിടക്കുന്നു, സഹായംതേടി കയറ്റുമതിക്കാർ

കൊച്ചി: അമേരിക്കയുടെ തീരുവ യുദ്ധത്തിൽ കേരളത്തിലെ സമുദ്രോത്പന്ന മേഖല കടുത്ത പ്രതിസന്ധിയിൽ. ഇന്ത്യയിൽ നിന്നുള്ള ഉത്പന്നങ്ങൾക്കുള്ള തീരുവ 50 ശതമാനമായി ഉയർത്തിയ അമേരിക്കൻ തീരുമാനം ബുധനാഴ്ച നിലവിൽ വന്നതോടെയാണ് കേരളതീരത്ത് പ്രതിസന്ധി ഉടലെടുത്തത്.

അമേരിക്കൻ ഓർഡറുകൾ ധാരാളമുണ്ടായിരുന്നതിനാൽ കോടിക്കണക്കിനു രൂപയുടെ സമുദ്രോത്പന്നങ്ങളാണ് കേരളത്തിലെ കമ്പനികൾ ശേഖരിച്ചുവച്ചത്. എന്നാൽ ഈ ഓർഡറുകളെല്ലാം അമേരിക്ക തത്കാലം മരവിപ്പിച്ചിരിക്കുകയാണ്. ഓർഡറുകൾ റദ്ദാക്കിയ നിലയിലാണെന്ന് സമുദ്രോത്പന്ന കയറ്റുമതിക്കാർ പറയുന്നു.

അധികവും ചെമ്മീനാണ് കയറ്റുമതിക്കാർ ഗോഡൗണുകളിൽ സൂക്ഷിച്ചിരിക്കുന്നത്. ഇതോടെ ശേഖരിച്ചുവച്ച ചരക്കിന്റെ മൂല്യം പകുതിയോളം കുറഞ്ഞെന്നാണ് സൂചന.

കോടിക്കണക്കിനു രൂപ ചെലവഴിച്ചു വാങ്ങിയ സമുദ്രോത്പന്നങ്ങൾ കയറ്റി അയയ്ക്കാൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ സ്ഥാപനങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ അനുവദിക്കണമെന്ന് സീഫുഡ് എക്സ്പോർട്ട് അസോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ് കാലത്ത് ഇതുപോലെ പല മേഖലയിലും സർക്കാർ സഹായം നൽകിയിരുന്നു. മേഖലയെ പിടിച്ചു നിർത്താൻ സർക്കാർ ഇടപെടണമെന്ന് ആവശ്യപ്പെട്ട് സർക്കാരിനെ സമീപിച്ചിട്ടുള്ളതായി സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ വൈസ് പ്രസിഡൻറ് അലക്സ് കെ. നൈനാൻ പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സഞ്ജുവിന്റെ വെടിക്കെട്ട്; വിജയവഴിയിൽ തിരിച്ചെത്തി കൊച്ചി ബ്ലൂ ടൈഗേഴ്സ്

തിരുവനന്തപുരം: കേരള ക്രിക്കറ്റ് ലീഗിൽ അദാനി ട്രിവാൻഡ്രം റോയൽസിനെതിരെ കൊച്ചി ബ്ലൂ ടൈഗേഴ്സിന് ഒമ്പതു റൺസ് ജയം. സ്കോർ: കൊച്ചി 191/5 ട്രിവാൻഡ്രം 182/6.ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനെത്തിയ കൊച്ചി നിശ്ചിത ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 191 റൺസ് നേടി.

സഞ്ജു സാംസൺ (37 പന്തിൽ 62), നിഖിൽ (35 പന്തിൽ 45) എന്നിവർ മികച്ച പ്രകടനം പുറത്തെടുത്തു. ട്രിവാൻഡ്രത്തിനായി അഭിജിത്ത് പ്രവീൺ മൂന്ന് വിക്കറ്റെടുത്തു. മറുപടി ബാറ്റിംഗിൽ ട്രിവാൻഡ്രം റോയൽസിന് ആറ് വിക്കറ്റ് നഷ്ടത്തിൽ 182 റൺസെടുക്കാനെ കഴിഞ്ഞൊള്ളൂ. സഞ്ജീവ് സതീഷൻ (46 പന്തിൽ 70), അബ്ദുൾ ബാസിത് (27 പന്തിൽ 41) എന്നിവർ മാത്രമാണ് റോയൽസിന് നിരയിൽ തിളങ്ങിയത്. ബ്ലൂ ടൈഗേഴ്സിന് വേണ്ടി മുഹമ്മദ് ആഷിഖ് രണ്ട് വിക്കറ്റ് വീഴ്ത്തി. രണ്ട് പരാജയങ്ങൾക്ക് ശേഷമാണ് സഞ്ജുവിന്റെയും സംഘത്തിന്റെയും തിരിച്ചുവരവ്. ഈ ജയത്തോടെ കൊച്ചി പോയിൻറ് പട്ടികയിൽ ഒന്നാം സ്ഥാനത്ത് തിരിച്ചെത്തി. ആറ് മത്സരങ്ങളിൽ നിന്ന് ഒരു ജയം മാത്രമാണ് റോയൽസിനുള്ളത്.

# തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ചികിത്സാപിഴവ്; ശസ്ത്രക്രിയയ്ക്കിടെ ട്യൂബ് ഉള്ളിൽ കുടുങ്ങിയെന്ന് യുവതിയുടെ പരാതി

തിരുവനന്തപുരം: തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ശസ്ത്രക്രിയയിൽ ഗുരുതര വീഴ്ചയെന്ന് പരാതി.

തൈറോയ്ഡ് ശസ്ത്രക്രിയക്ക് വിധേയയായ രോഗിയുടെ നെഞ്ചിൽ 50 സെൻറീമീറ്റർ നീളം വരുന്ന ട്യൂബ് കുടുങ്ങിയതായി കാണിച്ച് ബന്ധുക്കൾ ആരോഗ്യവകുപ്പിന് പരാതി നൽകി. ശ്വാസംമുട്ടലിനെ തുടർന്ന് നടത്തിയ പരിശോധനയിലാണ് ട്യൂബ് കണ്ടെത്തിയത്. 2023 മാർച്ചിൽ കാട്ടാക്കട മലയിൻകീഴ് സ്വദേശിനി സുമയ്യക്ക് നടത്തിയ ശസ്ത്രക്രിയയിലാണ് പിഴവെന്നാണ് ആരോപണം. നിലവിൽ ഡോക്ടർ കൈയൊഴിഞ്ഞ സ്ഥിതിയെന്ന് സുമയ്യ ആരോപിച്ചു.

നടക്കാൻ ബുദ്ധിമുട്ടും ശ്വാസംമുട്ടലും ഉണ്ടാകാറുണ്ട് എന്ന് സുമയ്യ പറയുന്നു. തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഡോക്ടർ രാജീവ് കുമാറിന്റെ നേതൃത്വത്തിലാണ് ശസ്ത്രക്രിയ നടന്നത്. 50 സെൻറീ മീറ്റർ നീളമുള്ള ട്യൂബാണ് ഉള്ളിൽ കുടുങ്ങിക്കിടക്കുന്നതെന്നും ആരോഗ്യവകുപ്പിന് നൽകിയ പരാതിയിൽ യുവതി ആരോപിക്കുന്നു.

രണ്ടുവർഷം മുൻപ് ജനറൽ ആശുപത്രിയിൽ തൈറോയ്ഡിന്റെ ശസ്ത്രക്രിയ നടന്നിരുന്നു. ഇതിനിടെ ട്യൂബ് കുടുങ്ങിയെന്നാണ് പരാതിയിൽ പറയുന്നത്. കഫക്കെട്ട് വന്നതിനെത്തുടർന്ന് എക്സ് റേ എടുത്തപ്പോഴാണ് നെഞ്ചിൽ ട്യൂബ് കിടക്കുന്നതായി കണ്ടെത്തിയതെന്നും ഇക്കാര്യം അറിയിച്ചപ്പോൾ ശസ്ത്രക്രിയ നടത്തിയ ഡോക്ടർ ഒഴിഞ്ഞുമാറിയെന്നും യുവതി ആരോപിക്കുന്നു. ട്യൂബ് നെഞ്ചിൽ ഒട്ടിപ്പോയി. എടുത്ത് മാറ്റാൻ പ്രയാസമാണ്. ശ്രമിച്ചാൽ ജീവന് ഭീഷണിയാണെന്ന് ഡോക്ടർ പറഞ്ഞതായും യുവതി വെളിപ്പെടുത്തി.

ഇതിനിടെ പിഴവ് അംഗീകരിക്കുന്ന ഡോക്ടറുടേതെന്ന് പറയുന്ന ശബ്ദരേഖയും കുടുംബം പുറത്തുവിട്ടു. വിഷയത്തിൽ ഡിഎംഒ ആശുപത്രി അധികൃതരോട് വിശദീകരണം തേടി.

# അശ്ലീല കാസെറ്റുകൾ കടയിൽ സൂക്ഷിച്ച കേസ്; 28 വർഷത്തിന് ശേഷം കോട്ടയം സ്വദേശി കുറ്റവിമുക്തൻ

കൊച്ചി: അശ്ലീല വീഡിയോ കാസെറ്റുകൾ കടയിൽ നിന്ന് പിടിച്ചെടുത്ത കേസിൽ ശിക്ഷിക്കപ്പെട്ട കോട്ടയം കൂരോപ്പട സ്വദേശി 28 വർഷത്തിന് ശേഷം കുറ്റവിമുക്തൻ. വിൽക്കാനായി അശ്ലീല കാസറ്റുകൾ സൂക്ഷിച്ചുവെന്ന കുറ്റത്തിനാണ് കൂരോപ്പട സ്വദേശിയെ മജിസ്ട്രേറ്റ് കോടതി ശിക്ഷിച്ചത്. തെളിവായി കോടതിയിൽ ഹാജരാക്കിയ കാസറ്റുകൾ മജിസ്ട്രേറ്റ് സ്വമേധയാ പരിശോധിച്ചുറപ്പുവരുത്തിയില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ജസ്റ്റീസ് കൗസർ എടപ്പഗത്ത് പ്രതിയോ കുറ്റവിമുക്തനാക്കിയത്. 1997ലാണ് ഇയാളുടെ ഉടമസ്ഥതതയിലുണ്ടായിരുന്ന കടയിൽ നിന്ന് പോലീസ് 10 കാസറ്റുകൾ കസ്റ്റഡിയിലെടുത്തത്.

ഇവയിൽ അശ്ലീല ദൃശ്യങ്ങളുണ്ടെന്ന് പറഞ്ഞ് ഐപിസി 292 വകുപ്പ് പ്രകാരം കേസെടുത്തു. കേസിൽ കോട്ടയം മജിസ്ട്രേറ്റ് കോടതി പ്രതിക്ക് രണ്ടുവർഷം തടവും 2000 രൂപ പിഴയും വിധിച്ചു. ഇതിനെതിരെ ഇയാൾ സെഷൻസ് കോടതിയെ സമീപിച്ചതോടെ ശിക്ഷ ഒരുവർഷമായും പിഴത്തുക 1000 രൂപയായും കുറഞ്ഞു. സെഷൻസ് കോടതി വിധിക്കെതിരെ ഇയാൾ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. പിടിച്ചെടുത്ത വീഡിയോ കാസെറ്റിൽ അശ്ലീല ദൃശ്യങ്ങൾ ഉണ്ടോയെന്ന് കേസ് കേട്ട മജിസ്ട്രേറ്റ് സ്വമേധയാ കണ്ട് ബോധ്യപ്പെട്ടില്ലെന്ന് ഹർജിക്കാർ ഹൈക്കോടതിയിൽ വാദിച്ചു.ഇത് കോടതി അംഗീകരിക്കുകയായിരുന്നു. സാക്ഷിമൊഴികൾ എത്രയുണ്ടെങ്കിലും തന്റെ മുമ്പാകെ ഹാജരാക്കിയ തെളിവു നേരിട്ടു പരിശോധിച്ച് ഉറപ്പാക്കുകയെന്നത് മജിസ്ട്രേറ്റ് ചെയ്യേണ്ട കാര്യമായിരുന്നുവെന്ന് കോടതി വ്യക്തമാക്കി.

# തിരു. ജനറൽ ആശുപത്രിയിലെ ചികിത്സാപിഴവ്; ഡോക്ടറുടെ ശബ്ദരേഖ പുറത്ത്

തിരുവനന്തപുരം: തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ചികിത്സാപ്പിഴവ് സമ്മതിച്ചുകൊണ്ടുള്ള ഡോക്ടറുടെ ശബ്ദരേഖ പുറത്ത്. സുമയ്യയുടെ നെഞ്ചിലാണ് ട്യൂബ് കുടുങ്ങിയിരിക്കുന്നത്. രോഗിയുടെ ബന്ധുവിനോടാണ് ഡോക്ടറുടെ വെളിപ്പെടുത്തൽ. പറ്റിയത് തെറ്റ് തന്നെയെന്ന് ഡോക്ടർ രാജീവ് കുമാർ പറയുന്നു. എക്സ്റേയിൽ നിന്നാണ് സംഭവം അറിയുന്നത്. മരുന്നിനുള്ള ട്യൂബിട്ടവരാണ് ഉത്തരവാദികളെന്നും ഡോക്ടർ ചൂണ്ടിക്കാട്ടുന്നു. ശ്രീചിത്രയിൽ നടത്തിയ പരിശോധനയിലാണ് ഗൈഡ് വയറാണെന്ന് മനസിലാകുന്നത്. രണ്ടര വർഷം മുമ്പ് നടന്ന ശസ്ത്രക്രിയയിലാണ് പിഴവ് നടന്നത്. വയറ് കുടുങ്ങിയത് അറിഞ്ഞിട്ടും ഡോ. രാജീവ് കുമാർ മറച്ചുവച്ചന്നും സുമയ്യയുടെ ബന്ധു ആരോപിക്കുന്നു. വിദഗ്ദ്ധ ചികിത്സയ്ക്കായി ഡോക്ടർ തന്നെ പണം നൽകിയെന്നും ബന്ധു വെളിപ്പെടുത്തി. 2023 മാർച്ച് 22നാണ് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ സുമയ്യ ചികിത്സ തേടിയത്. റോയ്ഡ് ഗ്രന്ഥി എടുത്തു കളയുന്ന ശസ്ത്രക്രിയ നടത്തിയത് ഡോ. രാജിവ് കുമാറാണ്. ശസ്ത്രക്രിയയ്ക്ക് ശേഷം ഞരമ്പ് കിട്ടാതെ വന്നപ്പോൾ രക്തവും മരുന്നുകളും നൽകാനായി സെൻട്രൽ ലൈനിട്ടു. ഇതിന്റെ ഗൈഡ് വയറാണ് നെഞ്ചിൽ കുടുങ്ങി കിടക്കുന്നത്. ശസ്ത്രക്രിയയ്ക്ക് ശേഷം ഇത് തിരികെ എടുക്കാത്തതാണ് പ്രശ്നമായത് എന്നാണ് പരാതി.

# സീറോ മലബാർ സഭയിൽ നാലു പുതിയ അതിരൂപതകൾ; അദിലാബാദ്, ബൽത്തങ്ങാടി കല്ല്യാൺ രൂപതകളിൽ പുതിയ മെത്രാന്മാർ

കാക്കനാട്: സീറോ മലബാർസഭയിൽ നാല് രൂപതകളെ അതിരൂപതകളായും നാല് ബിഷപ്പുമാരെ ആർച്ച് ബിഷപ്പുമാരായും നിയമിച്ചു. ഫരീദാബാദ്, ഉജ്ജയ്ൻ, കല്യാൺ, ഷംഷാബാദ് രൂപതകളെയാണ് അതിരൂപതകളായി ഉയർത്തിയത്. മാർ കുര്യാക്കോസ് ഭരണികുളങ്ങര, മാർ സെബാസ്റ്റ്യൻ വടക്കേൽ, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, മാർ പ്രിൻസ് ആൻറണി പാണേങ്ങാടൻ എന്നിവരെയാണ് ആർച്ച്ബിഷപ്പുമാരാക്കിയത്. മാർ കുര്യാക്കോസ് ഭരണികുളങ്ങരയാണ് ഫരീദാബാദ് മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്, ഉജ്ജയിൻ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പായി മാർ സെബാസ്റ്റ്യൻ വടക്കേലിനെ ചുമതലപ്പെടുത്തി. മാർ തോമസ് ഇലവനാലിന് പകരം മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലാണ് കല്യാണിലെ പുതിയ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്, മാർ പ്രിൻസ് ആൻറണി പാണങ്ങാടനാണ് ഷംഷാബാദ് മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്.

ബൽത്തങ്ങാടി രൂപതാ മെത്രാനായി ക്ലരീഷ്യൻ സന്യാസസമൂഹാംഗമായ ഫാ. ജെയിംസ് പാട്ടശേരിയിലിനെയും അദിലാബാദ് രൂപതാധ്യക്ഷനായി സിഎംഐ സന്യാസസമൂഹാംഗമായ ഫാ. ജോസഫ് തച്ചാപറമ്പത്തിനെയും നിയമിച്ചു. കൂടാതെ, കേരളത്തിനു പുറത്തുള്ള 12 രൂപതകളുടെ അതിർത്തി പുനർ നിർണയിക്കുകയും ചെയ്തു.

സീറോമലബാർ സഭാ കേന്ദ്രത്തിൽ ഓഗസ്റ്റ് 18ന് ആരംഭിച്ച 33ാം മെത്രാൻ സിനഡിന്റെ രണ്ടാമത്തെ സമ്മേളനമാണ് പുതിയ അതിരൂപതകളെയും ആർച്ചുബിഷപ്പുമാരെയും പുതിയ മെത്രാന്മാരെയും രൂപതകളുടെ അതിർത്തിത്തി പുനർനിർണയത്തെയും സംബന്ധിച്ചുള്ള തീരുമാനമെടുത്തത്. പന്ത്രണ്ട് എപ്പാർക്കികളുടെ (ആദിലാബാദ്, ബിജ്നോർ, ചന്ദ, ഗോരഖ്പൂർ, കല്യാൺ, ജഗ്ദൽപൂർ, രാജ്കോട്ട്, സാഗർ, സത്ന, ഷംഷാബാദ്, ഉജ്ജയിൻ, ഹോസൂർ) അതിർത്തികൾ പുനഃസംഘടിപ്പിച്ചു.മുൻപ് ഷംഷാബാദ് എപ്പാർക്കിയുടെ ഭാഗമായിരുന്ന ചില പ്രദേശങ്ങൾ മറ്റ് പതിനൊന്ന് എപ്പാർക്കികൾക്ക് പുനർവിതരണം ചെയ്തു. തൃശൂർ അതിരൂപതയുടെ സഫ്രഗൻ എപ്പാർക്കിയായി ഹോസൂർ എപ്പാർക്കിയെ പുതിയതായി ഉൾപ്പെടുത്തി. സിനഡ് തീരുമാനങ്ങൾക്ക് വത്തിക്കാൻ അംഗീകാരം നൽകി.

# വ്യാജ പോലീസ് വേഷത്തിൽ വ്യവസായികളെ തട്ടിക്കൊണ്ടുപോയി സ്വർണവും പണവും കവർന്ന നാല് പേർ പിടിയിൽ

തിരുവനന്തപുരം: നെയ്യാറ്റിൻകരയിൽ പോലീസ് വേഷത്തിൽ വ്യവസായികളെ തട്ടിക്കൊണ്ടുപോയി സ്വർണവും പണവും കവർന്ന കേസിൽ നാല് പേർ പിടിയിൽ.

കുന്നത്തുകാൽ സ്വദേശി ബിനോയ്, ഉദിയൻ കുളങ്ങര സ്വദേശി സാമുവേൽ തോമസ്, നെയ്യാറ്റിൻകര സ്വദേശികളായ അഭിരാം, വിഷ്ണു ഗോപൻ എന്നിവരാണ് പാറശാല പോലീസിന്റെ പിടിയിലായത്.

ഓൺലൈനിലൂടെ പരിചയപ്പെട്ട കൃഷ്ണഗിരിയിലെ വസ്തു വിൽപ്പനയുമായി ബന്ധപ്പെട്ട് എത്തിയ തമിഴ്നാട് സ്വദേശികളായ വ്യവസായികളെയാണ് ആൾതാമസം ഇല്ലാത്ത വീട്ടിൽ കെട്ടിയിട്ട് സ്വർണവും പണവും കവർന്നത്.

വസ്തു വിൽപ്പനയുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകരയിൽ എത്തിയ വ്യവസായികളെ ഇന്നോവ കാർലെത്തിയ പോലീസ് വേഷം ധരിച്ച എത്തിയ നാല് പേരും ചേർന്ന് വ്യാജ അറസ്റ്റ് നടത്തിയാണ് ആൾതാമസം ഇല്ലാത്ത വീട്ടിലെത്തിച്ച് കെട്ടിയിട്ട് കവർച്ച നടത്തിയത്.

മോചന ദ്രവ്യമായി 50 ലക്ഷം രൂപ നൽകിയാൽ മാത്രമേ വിട്ടു നൽകുക എന്ന് അറിയിച്ചായിരുന്നു ഇവരെ പുതിയൻകുളങ്ങരയിലെ വീട്ടിൽ പൂട്ടിയിട്ടത്.

വ്യവസായികളുടെ ശബ്ദം പുറത്തു വരാതിരിക്കാൻ വായിൽ തുണി തിരുകി മർദിക്കുകയും ചെയ്തു.

സംഭവവുമായി ബന്ധപ്പെട്ട് കൊലക്കേസിൽ ഉൾപ്പെടെ പ്രതിയായിട്ടുള്ള രണ്ടുപേരെ കൂടി അറസ്റ്റ് ചെയ്യാനുള്ളതായി പാറശാല പോലീസ് അറിയിച്ചിട്ടുണ്ട്.

ലഹരി കടത്തുമായി ബന്ധപ്പെട്ട അന്വേഷണത്തിനിറങ്ങിയ ഡാൻസാഫ് സംഘമാണ് ആൾതാമസം ഇല്ലാത്ത വീട്ടിലെ അസ്വാഭാവികത ശ്രദ്ധിക്കുകയും സംഭവം പോലീസിനെ അറിയിക്കുകയും ചെയ്തത്.

പ്രതികളെ കൂടുതൽ ചോദ്യംചെയ്താൽ മാത്രമേ കൂടുതൽ വിവരങ്ങൾ പുറത്തുവരും എന്ന് പോലീസ് അറിയിച്ചിട്ടുണ്ട്.

## ക്ലിഫ്ഹൗസ് മാർച്ച്; യൂത്ത്കോൺഗ്രസ് പ്രവർത്തകർക്കെതിരെ കേസ്

തിരുവനന്തപുരം: വടകരയിൽ ഷാഫി പറമ്പിൽ എംപിയെ ഡിവൈഎഫ്ഐ പ്രവർത്തകർ തടഞ്ഞതിൽ പ്രതിഷേധിച്ച് യൂത്ത്കോൺഗ്രസ് ക്ലിഫ് ഹൗസിലേക്ക് നടത്തിയ മാർച്ചിൽ പങ്കെടുത്ത പ്രവർത്തകർക്കെതിരെ കേസ്.

വധശ്രമം ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തി 28പേർക്കെതിരെ മ്യൂസിയം പോലീസ് ആണ് കേസെടുത്തത്. പോലീസിനെതിരെ തീപന്തം എറിഞ്ഞു അപായപ്പെടുത്താൻ ശ്രമിച്ചതിനാണ് കേസ്.

മഹിളാ കൊൺഗ്രസ് നേതാക്കളായ വീണ എസ്. നായർ, ലീന, ഡിസിസി ജനറൽ സെക്രട്ടറി ശ്രീകല അടക്കം കേസിൽ പ്രതികളാണ്. കേസിൽ അറസ്റ്റിലായ മൂന്ന് യൂത്ത് കോൺഗ്രസ് പ്രവർത്തകരെ റിമാൻഡ് ചെയ്തു.

# രാഹുൽ മാങ്കൂട്ടത്തിലിനെതിരായ കേസ്; ആദ്യഘട്ടത്തിൽ മൂന്നുപേരുടെ മൊഴിയെടുക്കും

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിലിനെതിരായ കേസിൽ അന്വേഷണത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ ക്രൈംബ്രാഞ്ച് മൂന്നുപേരുടെ മൊഴിയെടുക്കും.

അവന്തിക, റിനി ജോർജ്, ഹണി ഭാസ്കരൻ എന്നിവരുടെ മൊഴിയാണെടുക്കുന്നത്. ഇവർ കേസ് നൽകാൻ തയാറായാൽ തുടർ നടപടികൾ ക്രൈംബ്രാഞ്ച് സ്വീകരിക്കും.

കേസ് നൽകാൻ ഇവർ തയാറായില്ലെങ്കിൽ എന്താവും തുടർ നടപടിയെന്ന് ക്രൈംബ്രാഞ്ച് വ്യക്തമാക്കിയിട്ടില്ല. ഡിജിപിയുടെ നിർദേശപ്രകാരമാണ് രാഹുൽ മാങ്കൂട്ടത്തിലിനെതിരെ കേസെടുത്തത്.

പൊതുപ്രവർത്തകർ ഉൾപ്പടെ ഡിജിപിക്ക് നൽകിയ പരാതികളുടെ അടിസ്ഥാനത്തിൽ സ്വമേധയയാണ് ക്രൈംബ്രാഞ്ച് കേസെടുത്തത്.

അതേസമയം, രാഹുലിനെതിരായ കേസ് അന്വേഷണ സംഘത്തിൽ സൈബർ വിദഗ്ധരും ഉൾപ്പെടും. രാഹുലിനെതിരെ വാട്സാപ്പ്, ടെലിഗ്രാം ചാറ്റുകളും ഓഡിയോ സന്ദേശങ്ങളും പുറത്ത് വന്നിരുന്നു. ഇതിൽ വിശദപരിശോധനക്കാണ് സൈബർ വിദഗ്ധരുടെ സംഘത്തെ ഉൾപ്പെടുത്തിയത്.

അന്വേഷണത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ മൂന്ന് പേരുടെ മൊഴിയെടുക്കാൻ ക്രൈംബ്രാഞ്ച് തീരുമാനിച്ചിട്ടുണ്ട്.

# ഊന്നുകൽ കൊലക്കേസ്; മുഖ്യപ്രതി പിടിയിൽ

കോതമംഗലം: ഊന്നുകൽ കൊലക്കേസിലെ മുഖ്യപ്രതി രാജേഷ് പോലീസ് പിടിയിൽ. പെരുമ്പാവൂർ കുറുപ്പുംപടി സ്വദേശിനി ശാന്തയെ (61) കൊലപ്പെടുത്തിയ കേസിലാണ് രാജേഷിനെ പോലീസ് പിടികൂടിയത്.

ബംഗളൂരുവിലേക്ക് ഒളിവിൽ പോകാനുള്ള ശ്രമത്തിനിടെയാണ് ഇയാളെ എറണാകുളം മറൈൻഡ്രൈവിൽ വച്ച് കുറുപ്പംപടി പോലീസ് അറസ്റ്റ് ചെയ്തത്. തുടർന്ന് രാത്രിയോടെ ഊന്നുകൽ സ്റ്റേഷനിലെത്തിച്ച രാജേഷിനെ വിശദമായി ചോദ്യം ചെയ്തു. ഇന്ന് പ്രതിയെ കോടതിയിൽ ഹാജരാക്കും.

കൊല്ലപ്പെട്ട ശാന്തയെ ചുറ്റികകൊണ്ട് തലയ്ക്കടിച്ച് കൊലപ്പെടുത്തിയതായി പ്രതി രാജേഷ് കുറ്റസമ്മതം നടത്തി. കൊലപാതകത്തിന് ഉപയോഗിച്ച ആയുധവും മൃതദേഹം കെട്ടിപ്പൊതിഞ്ഞ സാരിയും വഴിയിൽ ഉപേക്ഷിച്ചതായും ഇയാൾ മൊഴി നൽകി.

കഴിഞ്ഞ മാസം 18നാണ് ശാന്തയെ കാണാതായത്. അന്നേ ദിവസം തന്നെയാണ് കൊലപാതകം നടന്നതെന്നാണ് അന്വേഷണ സംഘത്തിന്റെ നിഗമനം. പ്രതിയും കൊല്ലപ്പെട്ട ശാന്തയും തമ്മിലുള്ള ഫോൺ സംഭാഷണങ്ങളും സമീപത്തെ സിസിടിവി ദൃശ്യങ്ങളും കേസിൽ നിർണായക തെളിവുകളായി.

ഒളിവിൽ പോയ രാജേഷിന്റെ കാറും, ശാന്തയിൽ നിന്ന് മോഷ്ടിച്ച സ്വർണാഭരണങ്ങളും പോലീസ് കണ്ടെടുത്തു. നേര്യമംഗലത്ത് വാടകയ്ക്ക് താമസിച്ചിരുന്ന രാജേഷ് കൊലപാതകത്തിന് ശേഷം മൊബൈൽ ഫോൺ ഉപയോഗിക്കാതെ ഒളിവിൽ കഴിയുകയായിരുന്നു.

# വയനാട് തുരങ്ക പാത നിർമാണം ഓഗസ്റ്റ് 31ന് ആരംഭിക്കും

തിരുവനന്തപുരം: വയനാട് തുരങ്ക പാത നിർമാണത്തിന് ഈ മാസം 31ന് തുടക്കമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആനക്കാംപൊയിൽ കള്ളാടിമേപ്പാടി തുരങ്ക പാത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ച സാഹചര്യത്തിലാണ് നിർമാണ പ്രവർത്തനങ്ങൾ തുടങ്ങുന്നത്.

കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതിയുടെ നിർമാണച്ചെലവ് 2134 കോടി രൂപയാണ്. 8.73 കിലോമീറ്റർ പാതയുടെ 8.1 കിലോമീറ്റർ ഇരട്ട ടണലായാണ് വിഭാവനം ചെയ്തിരിക്കുന്നത്.

കൊങ്കൺ റെയിൽവേ കോർപറേഷനാണ് പാതയുടെ നിർവഹണ ഏജൻസി. കോഴിക്കോട്, വയനാട് ജില്ലകളിലായി 33 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ഇതിൽ വനഭൂമി ഇതിനകം കൈമാറിയിട്ടുണ്ട്.

90 ശതമാനം സ്വകാര്യ ഭൂമിയും ഏറ്റെടുത്തു. ടണൽ റോഡിലേക്കുള്ള പ്രധാന പാതയുടെ പ്രവൃത്തി ആരംഭിച്ചു. രണ്ട് പാക്കേജുകളിലായാണ് നിർമാണം പൂർത്തിയാക്കുക. പാലവും അപ്രോച്ച് റോഡും അടങ്ങുന്നതാണ് ഒന്നാമത്തെ പാക്കേജ്. ടണൽ പാത നിർമാണമാണ് രണ്ടാമത്തെ പാക്കേജിൽ.

നാലുവരി ഗതാഗതമാണ് പദ്ധതിയിലുള്ളത്. ടണൽ വെൻറിലേഷൻ, അഗ്നിശമന സംവിധാനം, ടണൽ റേഡിയോ സിസ്റ്റം, ടെലിഫോൺ സിസ്റ്റം, ശബ്ദ സംവിധാനം, എസ്കേപ്പ് റൂട്ട് ലൈറ്റിംഗ്, ട്രാഫിക് ലൈറ്റ്, സിസിടിവി, എമർജൻസി കോൾ സിസ്റ്റം തുടങ്ങിയ സംവിധാനങ്ങളും തുരങ്ക പാതയിലുണ്ടാകും.

തുരങ്കപാത യാഥാർഥ്യമാകുന്നതോടെ ആനക്കാംപൊയിലിൽ നിന്ന് 22 കിലോ മീറ്റർ സഞ്ചരിച്ചാൽ മേപ്പാടിയിലെത്താം. ചുരത്തിലെ യാത്രാദുരിതത്തിനും പരിഹാരമാകും. മലയോര മേഖലയുടെ വികസനത്തിന് ഗുണകരമായ ചരിത്രനേട്ടമായി ഇത് മാറുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# വടകരയിൽ ഷാഫി പറമ്പിൽ എംപിയെ തടഞ്ഞ സംഭവം; ഡിവൈഎഫ്ഐ പ്രവർത്തകർ അറസ്റ്റിൽ

കോഴിക്കോട്: വടകരയിൽ ഷാഫി പറമ്പിൽ എംപിയെ തടഞ്ഞ സംഭവത്തിൽ ഡിവൈഎഫ്ഐ പ്രവർത്തകർ അറസ്റ്റിൽ. 11 ഡിവൈഎഫ്ഐ പ്രവർത്തകരെ അറസ്റ്റ് ചെയ്ത് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടു. കെ. കെ. രമ എംഎൽഎയുടെ വിദ്യാഭ്യാസ പരിപാടിയായ വൈബിന്റെ നേതൃത്വത്തിൽ ഭിന്നശേഷി വിദ്യാർഥികൾക്കായി സംഘടിപ്പിച്ച ഓണം വൈബ് ഉദ്ഘാടനം ചെയ്ത് വടകര ടൗൺ ഹാളിൽ നിന്നു പുറത്തിറങ്ങുന്നതിനിടെയാണ് ബാനറും കൊടിയുമായെത്തിയ ഡിവൈഎഫ്ഐ പ്രവർത്തകർ ഷാഫിയെ തടഞ്ഞ് പ്രതിഷേധിച്ചത്.

രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎക്ക് സംരക്ഷണ കവചമൊരുക്കുന്നുവെന്നാരോപിച്ചായിരുന്നു പ്രതിഷേധം. പ്രവർത്തകരെ മാറ്റാൻ പോലീസ് ശ്രമിച്ചെങ്കിലും വാഹനത്തിന് മുന്നിൽ നിന്ന് മാറാൻ തയാറായില്ല.

എന്നാൽ കാറിൽ നിന്ന് പുറത്തിറങ്ങിയ പ്രവർത്തകരോട് ഷാഫിയും തട്ടിക്കയറി. പ്രതിഷേധിച്ചോളു, അത് നിങ്ങളുടെ അവകാശമാണെന്നും ആവശ്യമില്ലാത്തത് പറയരുതെന്നും ഷാഫി പറഞ്ഞു. ഏറെ പണിപെട്ടാണ് പ്രവർത്തകരെ പോലീസ് സ്ഥലത്ത് നിന്നും മാറ്റിയത്.

# സബലെങ്ക. അൽകാരസ് മൂന്നാംറൗണ്ടിൽ

ന്യൂയോർക്ക്: യുഎസ് ഓപ്പൺ ടെന്നിസിൽ മുൻനിര താരങ്ങളായ അരിന സബലെങ്ക. കാർലോസ് അൽകാരസ് തുടങ്ങിയവർ മൂന്നാം റൗണ്ടിൽ,

ലോക ഒന്നാം നമ്പർ താരമായ അരിന സബലെങ്ക രണ്ടാംറൗണ്ടിൽ സീഡ് ചെയ്യപ്പെടാത്ത റഷ്യക്കാരിയായ പോളിന കുഡെർമെറ്റോവയെ 76(4), 62 എന്ന സ്കോറിന് പരാജയപ്പെടുത്തി. ബ്രിട്ടിഷ് താരം എമ്മ റഡുകാനു മൂന്നാം റൗണ്ടിൽ കടന്നപ്പോൾ യുഎസ് താരം കൊക്കോ ഗോഫ്, ജപ്പാന്റെ നവോമി ഒസാക, യുഎസ് താരം അമാൻഡ അനിസിമോവ എന്നിവർ രണ്ടാം റൗണ്ടിലെത്തി.

പുരുഷ സിംഗിൾസിൽ കാർലോസ് അൽകാരസ് മുന്നേറ്റം തുടരുന്നു. രണ്ടാം റൗണ്ടിൽ ഇറ്റാലിയൻ താരം മാറ്റിയ ബെല്ലൂച്ചിയെ നേരിട്ടുള്ള സെറ്റുകൾക്ക് പരാജയപ്പെടുത്തി. സ്കോർ: 61, 60, 63. ഇറ്റലിയുടെ ലൊറൻസോ മ്യുസെറ്റി, ജർമൻ താരം അലക്സാണ്ടർ സ്വരേവ്, യുഎസിന്റെ ടോമി പോൾ, പോർച്ചുഗൽ താരം ന്യൂനോ ബോർഹസ് തുടങ്ങിയവർ രണ്ടാം റൗണ്ടിൽ കടന്നപ്പോൾ ഫ്രാൻസ് താരം ഗെയ്ൽ മോൺഫിൽസ് ആദ്യ റൗണ്ടിൽ പുറത്തായി.വനിതാ വിഭാഗത്തിൽ ടെയ്ലർ ടൗൺസെൻഡ്ജെലീന ഒസ്റ്റാപെങ്കോ മത്സരം വിവാദത്തിലായി. കളിക്കളത്തിലെ തർക്കം പിന്നീട് വംശീയാധിക്ഷേപത്തിലേക്ക് വഴിമാറുകയായിരുന്നു. താരങ്ങൾക്കെതിരെ അച്ചടക്ക നടപടിയുണ്ടായേക്കും. അതേസമയം ആദ്യ റൗണ്ട് മത്സരത്തിനിടെ റാക്കറ്റ് അടിച്ചുതകർത്ത സംഭാവത്തിൽ ഡാനിയേൽ മെദ്വദേവിന് യുണൈറ്റഡ് സ്റ്റേറ്റ്സ് ടെന്നീസ് അസോസിയേഷൻ 42,500 ഡോളർ പിഴ ചുമത്തി. മോശം പെരുമാറ്റത്തിന് 30,000 ഡോളറും റാക്കറ്റ് ദുരുപയോഗത്തിന് 12,500 ഡോളറുമാണ് പിഴ ചുമത്തിയിരിക്കുന്നതെന്ന് അസോസിയേഷൻ അറിയിച്ചു.